CATHOLIC DIOCESE OF MUVATTUPUZHA
"DO WHATEVER HE TELLS YOU"

# വിമലനാദം

## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ


2020 ജൂലൈ – സെപ്റ്റംബർ
പുസ്തകം 30, ലക്കം 3



Season of Sleebo



Hail Mary Full of Grace





90th Reunion Anniversary








2020 സെപ്റ്റംബർ 21–ന് മാവേലിക്കര പുന്നമൂട് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന പുനരൈക്യ വാർഷികാഘോഷം




അത്യഭിവന്ദ്യ തോമസ് പ്രഥമൻ കാതോലിക്കാബാവയെ സന്ദർശിച്ച്
അഭിവന്ദ്യ തെയഡോഷ്യസ് മെത്രാപ്പോലീത്ത
ജന്മദിനാശംസകൾ നേരുന്നു.



2020 ആഗസ്റ്റ് 22–ന് അഭിവന്ദ്യ തെയഡോഷ്യസ്
മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് മാർ
ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായെ സന്ദർശിക്കുന്നു.

## ആർച്ച്ബിഷപ്പ്
## ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ
## 26–ാം ഓർമ്മപ്പെരുന്നാൾ
## ഒക്ടോബർ 10




ആചാര്യേശാ, മ്ശിഹാ, കൂദാ–ശകളർപ്പപിച്ചോ
രാചാര്യന്മാർക്കേകുക പുണ്യം, നാഥാ സ്തോത്രം

# വിമലനാദം

## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

പുസ്തകം 30 | ലക്കം 3 | 2020 ജൂലൈ – സെപ്റ്റംബർ



*Patron:*
**Most Rev. Dr.Yoohanon Mar Theodosius**

*Co- Patron:*
**Msgr. Cherian Chennikkara**

*Editor*
**Fr. George Arackamyalil**


### ഉള്ളടക്കം


| | |
|---|---|
| ഇടയമൊഴി | 2 |
| സഭാ വാർത്തകൾ | 21 |
| ഭദ്രാസന വാർത്തകൾ | 25 |
| ഭദ്രാസന ട്രിബ്യൂണൽ വാർത്തകൾ | 28 |
| കൂരിയ വാർത്തകൾ | 28 |
| മൈനർ സെമിനാരി വാർത്തകൾ | 31 |
| ബൈബിൾ അപ്പസ്തോലേറ്റ് വാർത്തകൾ | 32 |
| മതബോധന വാർത്തകൾ | 32 |
| എം.സി.വൈ.എം. വാർത്തകൾ | 35 |
| വിൻസെന്റ് ഡി. പോൾ വാർത്തകൾ | 37 |
| സമൃദ്ധി വാർത്തകൾ | 38 |
| ജന്മദിനം | 44 |
| നാമഹേതുകതിരുനാൾ | 44 |


"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലും മേൻമ ഭാവിക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ."
(ഗലാത്തിയാ 6 : 14)


*Printed & Published by:*
Editor, Vimalanadam
Muvattupuzha Diocesan Centre, Mudavoor P.O., Muvattupuzha - 686 669
vimalanadam@gmail.com

# ഇടയമൊഴി



കർത്താവിൽ പ്രിയമക്കളെ,

ദൈവതിരുനാമത്തിൽ എല്ലാവർക്കും സ്നേഹവന്ദനം!

പ്രതിസന്ധിയുടെ ഈ കാലയളവിൽ എല്ലാവരെയും നേരിൽ കാണുവാനും ധൈര്യം പകരുവാനും എനിക്കാഗ്രഹമുണ്ട്. പക്ഷേ, കർശനമായ നിബന്ധനകളും നിയന്ത്രണങ്ങളും അതിന് തടസ്സമാകുന്നു. എന്നാൽ, ഇതിനിടയിൽ നമ്മുടെ വൈദികരെ പല മേഖലകളിലായി നേരിൽ കാണാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. ഏതാനും ഇടവകകളിൽ വി. കുർബാനയർപ്പിക്കാനും കഴിഞ്ഞു എന്നത് കൃതജ്ഞതയോടെ സ്മരിക്കുന്നു.

നമ്മുടെ കർത്താവിന്റെ പൗരോഹിത്യ പ്രാർത്ഥനയാണ് ഈ കാലയളവിൽ എന്റെയും പ്രാർത്ഥന.“ദുഷ്ടനിൽനിന്ന് അവരെ കാത്തുകൊള്ളണം” (യോഹ. 17:15). നാരകീയ ശക്തികളെയാണ് ദുഷ്ടൻ എന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുക. അത് രോഗമാകാം, രോഗാണുക്കളാകാം, പ്രകൃതി ക്ഷോഭമാകാം. നമ്മുടെ സമൂഹത്തെ ഇവയിൽ നിന്നെല്ലാം സംരക്ഷിക്കുന്നതിനും പ്രതികൂല സാഹചര്യത്തിൽ വിശ്വാസത്തിൽ ശക്തി പ്രാപിക്കുന്നതിനും സർവ്വശക്തന്റെ വലിയ ഇടപെടൽ ഉണ്ടാകട്ടെയെന്ന് മനംനൊന്ത് പ്രാർത്ഥിക്കുന്നു. പ്രഭാതത്തിലും പ്രദോഷത്തിലും, ജീവിക്കുന്ന ദൈവം നമ്മുടെകൂടെ സന്നിഹിതനായിരുന്ന് നമ്മെ കാത്ത് പരിപാലിക്കട്ടെ.

കഴിഞ്ഞ മാർച്ച് മാസം മുതൽ കുഞ്ഞുങ്ങൾ മാതാപിതാക്കളോടൊപ്പം കുടുംബങ്ങളിലാണ് - ഒരു പക്ഷിക്കൂടുപോലെ അത് ഒറ്റപ്പെട്ടു. പള്ളിയും പള്ളിക്കൂടവും ജോലിസ്ഥലവുമെല്ലാം വീടുതന്നെ. പുതിയ ഈ സാഹചര്യങ്ങളുമായി ഒരു പൊരുത്തപ്പെടൽ അനിവാര്യമാണ്. അതിജീവനത്തിന്റെ ഈ കാലഘട്ടത്തിൽ ആശങ്കകളെ അകലെ

നിർത്തുകയാണ് അഭികാമ്യം ഈ പ്രതിസന്ധികളെ മൂല്യമുള്ള മൂലധനമാക്കുവാൻ (CAPITAL) നമുക്ക് കഴിയണം. ഏറെ നാളുകൾക്കുശേഷം ഒരുമിച്ചായിരിക്കാനും, സംസാരിക്കാനും, സല്ലപിക്കാനും, ഒരുമിച്ച് പ്രാർത്ഥിക്കാനും, ഭക്ഷിക്കാനും, ജോലിചെയ്യാനും, പരസ്പരം പ്രോത്സാഹിപ്പിക്കാനും ലഭിച്ചിരിക്കുന്ന ഒരവസരം. ഇതിനെ ശരിയായി ഉപയോഗിച്ചാൽ ബന്ധങ്ങൾ ശക്തമാകും, സംശയങ്ങൾ അകലും, പങ്കുവയ്ക്കൽ വർദ്ധിക്കും, വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെടും, അറിവിൽ ആഴപ്പെടും. പ്രതിസന്ധികളിൽ ആത്മവിശ്വാസം കൈവെടിയാതെ കുടുംബബന്ധങ്ങൾ ശക്തിപ്പെടുന്ന ഒരു കാലമാകട്ടെയിത്. വൃത്തിയുള്ള പരിസരങ്ങൾ സൃഷ്ടിക്കുവാനും, ജൈവകൃഷിതോട്ടങ്ങൾ ഉണ്ടാക്കുവാനും മാതാപിതാക്കളും കുഞ്ഞുങ്ങളും ഒന്നുചേരുമെങ്കിൽ അത് തന്നെ സമൂഹത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കും. പ്രതിസന്ധികളിൽ തകരാതെ, പരസ്പരം കൈത്താങ്ങായി, സ്വർഗ്ഗത്തെ നോക്കി നമുക്ക് മുന്നേറാം. ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്ന പിടിച്ചടക്കലുകളും, കയറിപ്പറ്റലുകളുമൊന്നും ദൈവീകമല്ല. നമ്മുടെ വിശ്വാസയാത്രയ്ക്ക് ഇവയൊന്നും വിഘ്നങ്ങൾ ആകാതെ വലിയ തിരുത്തലുകൾക്ക് അവ വെളിച്ചം പകരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**പുനരൈക്യനവതി**

മലങ്കര സുറിയാനി കത്തോലിക്കാസഭ പുനരൈക്യ സാക്ഷ്യത്തിന്റെ നവതിയാഘോഷനിറവിലാണ്. പിന്നിട്ട 9 ദശകങ്ങൾ ദൈവകൃപയുടെയും, സുവിശേഷ സാക്ഷ്യത്തിന്റെയും, ക്രമാനുഗതമായ വളർച്ചയുടേതുമായിരുന്നു. അഞ്ചുപേരടങ്ങുന്ന ഒരു കുടുംബകൂട്ടായ്മയുടെ നന്മയിൽനിന്ന് 1932-ൽ ഈ സഭ ഒരു മെത്രാപ്പോലിത്തൻ സഭയായി. 2005-ൽ ഉൾഭരണാവകാശമുള്ള മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി. എല്ലാ ഭൂഖണ്ഡങ്ങളിലും ഈ സഭ വ്യാപിച്ചു. ദൈവതിരുമുമ്പിൽ നമ്മെയും, നമ്മുടെ സഭാകൂട്ടായ്മയേയും പൂർണമായി സമർപ്പിക്കാം. പുനരൈക്യ ശതാബ്ദിയുടെ കാഹളധ്വനി കേൾക്കാൻ ഇനിയും പത്തു വത്സരം മാത്രം ബാക്കി. തീക്ഷ്ണമായ പ്രാർത്ഥനയുടെയും ഒരുക്കത്തിന്റെയും, സാക്ഷ്യത്തിന്റേതുമായിരിക്കട്ടെ കടന്നുവരുന്ന വർഷങ്ങൾ.

1930-ൽ നടന്ന പുനരൈക്യം ദൈവീക ഇടപെടലിന്റെ ബാക്കിപത്രമാണെന്നുള്ളതിൽ തെല്ലും സംശയത്തിനിടയില്ല. അതിനാൽ തന്നെ ഈ മഹാസംഭവത്തെ പുനരൈക്യ സാക്ഷ്യമെന്ന് വിളിക്കാനാണ് ഞാൻ ഇഷ്ടപ്പെടുക. കാരണം, എവിടെ ഐക്യമുണ്ടോ, അവിടെ ദൈവമുണ്ട്. സ്നേഹകൂട്ടായ്മയിലാണ് ദൈവം വസിക്കുക (മത്താ 18:20). ത്രീയേകദൈവത്തിന്റെ സ്വഭാവംതന്നെ പൂർണമായ പരസ്പര ഐക്യമാണ്. അനൈക്യം, പൈശാചികമായ ഇടപെടലിന്റെ അനന്തരഫലമാണ്. അതിന് ശാശ്വതമായ നിലനിൽപ്പില്ല. അന്തഃശ്ഛിദ്രമുള്ള ഭവനവും, രാജ്യവും സഭയും നിലനിൽക്കില്ല (മർക്കോ 3:24). താൻ വളർന്നുവന്ന മാതൃസഭയിലെ കലഹവും, വ്യവഹാരവും, അനൈക്യവും മാർ ഈവാനിയോസ് പിതാവിന്റെ ഹൃദയനൊമ്പരങ്ങളായിരുന്നു. അത് പ്രാർത്ഥനയുടെ നിലവിളിയായി പരിണമിച്ചപ്പോൾ സ്വർഗ്ഗം തുറന്നു നൽകിയ കൃപയാണ് "പുനരൈക്യ സാക്ഷ്യം". നമ്മുടെ കുടുംബങ്ങൾക്കും കൂട്ടായ്മകൾക്കും ഈ അറിവ് ഒരു തിരിച്ചറിവാകണം. അതെ, ദൈവസമ്പാദനത്തിന്റെ പാവനമായ പാതയാണ് പുനരൈക്യം. മനുഷ്യാവതാരത്തിന്റെ അടിസ്ഥാന ദൈവശാസ്ത്രവും ഇതുതന്നെ. പാപം മൂലം അകന്നിരുന്ന സ്വർഗത്തേയും ഭൂമിയേയും, ദൈവത്തേയും മനുഷ്യനേയും പുനരൈക്യപ്പെടുത്തിയ രക്ഷാകര സംഭവമാണ് നാം ക്രിസ്തുമസ്സായി ആഘോഷിക്കുന്നത്. ഒരിടയനും ഒരു തൊഴുത്തും എന്ന യേശുമിശിഹായുടെ പൗരോഹിത്യ പ്രാർത്ഥനയുടെ അടിസ്ഥാനവും ദൈവീകമായ പുനരൈക്യം തന്നെ.

ഭാരതമുനിമാർ പാടി : "സത്യമേവ ജയതേ". സത്യം മാത്രം ജയിക്കട്ടെ. ഒരു സത്യാന്വേഷണ യാത്രയുടെ അനന്തര ഫലമായിരുന്നു പുനരൈക്യ സാക്ഷ്യം. യഥാർത്ഥ സത്യം എന്ത്? സത്യസഭ ഏത്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം നിരന്തരമായ പ്രാർത്ഥനയിലൂടെ, പഠനത്തിലൂടെ, സംവാദങ്ങളിലൂടെ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി തിരിച്ചറിഞ്ഞു. അറിഞ്ഞ സത്യത്തിനുമുമ്പിലുള്ള ഒരു ബലി സമർപ്പണമായി പുനരൈക്യത്തെ ദർശിക്കാനാണ് ഞാൻ ആഗ്രഹിക്കുക. 'ഏക്‌ലാ ചോലോ രേ' എന്ന ടാഗോറിന്റെ ബംഗാളി വരികൾ ഗാന്ധിജിക്ക് പ്രിയപ്പെട്ടതായിരുന്നു. അതായത്, ആരുമില്ലെങ്കിലും സത്യത്തിനായി ഒറ്റയ്ക്ക് നടക്കുക. അല്പംകൂടി വ്യക്തമാക്കിയാൽ, കാറും

കോളും നിറഞ്ഞ രാത്രിയിൽ ആരും ദീപം കാട്ടുന്നില്ലെങ്കിൽ, വേദനയുടെ മിന്നൽപ്പിണരിൽ, അടിവെച്ചു മുന്നേറുക. ഒന്നാം നൂറ്റാണ്ടിൽ മാർ തോമാ ശ്ലീഹായാൽ സ്ഥാപിതമായ ഭാരതസഭയിൽ, കാലാന്തരത്തിൽ വിവിധ കാരണങ്ങളാൽ ഉണ്ടായ വിള്ളലുകളും, മുറിവുകളും, വിഭജനവും സത്യങ്ങളെ വളച്ചൊടിച്ചു. ഈ മുറിവുകളുടെ സൗഖ്യത്തിനായുള്ള ദൈവീക ഔഷധമായിരുന്നു സത്യസഭാ കൂട്ടായ്മയിലേക്കുള്ള തിരിച്ചുവരവ് – പുനരൈക്യം.

പ്രിയമുള്ളവരേ, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മക്കളായി നമ്മെ തെരഞ്ഞെടുത്തതിൽ നാം സന്തോഷിക്കുകയും, ദൈവത്തോട് നന്ദിയുള്ളവരായിരിക്കുകയും വേണം. നിയമാവർത്തന പുസ്തകം 7:7–8 വാക്യങ്ങൾ മനസ്സിരുത്തി വായിച്ചാൽ പുനരൈക്യ സാക്ഷ്യത്തിന്റെ ഉൾപൊരുൾ കൂടുതൽ വ്യക്തമാകും. 'കർത്താവ് നിങ്ങളെ സ്നേഹിച്ചതും തിരഞ്ഞെടുത്തതും നിങ്ങൾ എണ്ണത്തിൽ കൂടുതൽ ആയിരുന്നതുകൊണ്ടല്ല; നിങ്ങൾ മറ്റെല്ലാ ജനതകളേയുംകാൾ ചെറുതായിരുന്നു. എന്നാൽ കർത്താവ് നിങ്ങളെ സ്നേഹിച്ചു..." ഈ സ്നേഹത്തിന്റെ നന്മകളാണ് നമ്മുടെ സഭാമക്കൾ ഇന്ന് എല്ലാ ദേശങ്ങളിലും അനുഭവിക്കുന്നത്. മാറിവരുന്ന പുത്തൻ സാഹചര്യത്തിൽ ഇവയൊക്കെ നമ്മുടെ കുടുംബങ്ങളിലും സഭാജീവിതത്തിലും അന്യൂനം പുലർത്തുവാൻ ഇടയാകട്ടെ!

പുനരൈക്യ സാക്ഷ്യത്തിന്റെ ഈ നന്മ ഒരു ചരിത്രസ്മാരകമായി നിലനിർത്താനുള്ളതല്ല, മറിച്ച്, തലമുറകൾക്ക് കൈമാറേണ്ട ഐക്യത്തിന്റെയും, സത്യത്തിന്റെയും ഒരു സാക്ഷ്യമാണത്. പുനരൈക്യം അന്നും ഇന്നും പ്രസക്തമാണ്. പ്രാർത്ഥനാപൂർവമായ പഠനങ്ങളും, പരിശ്രമങ്ങളുമാണ് അതിന് ആവശ്യം.

**അഭിനന്ദനങ്ങൾ**

ഈ വർഷത്തെ സിവിൽ സർവീസ് പരീക്ഷയിൽ മാർത്താണ്ഡം ഭദ്രാസനത്തിലെ കുമാരി പ്രസീനായ്ക്ക് ഐ.പി.എസ്. ലഭിച്ചു എന്നറിഞ്ഞപ്പോൾ വലിയ സന്തോഷം തോന്നി. ഹൃദയനിർഭരമായി ഭദ്രാസനത്തിന്റെ നാമത്തിൽ ആ മകളെ അനുമോദിക്കുന്നു. രാഷ്ട്രത്തിന്റെ

ഉന്നതഭരണതലത്തിലുള്ള സഭയുടെ സാന്നിധ്യം അന്യംനിൽക്കുന്ന ഈ കാലയളവിൽ ഈ വിജയം അൽപം ആശ്വാസം പകരുന്നു. ഈ മേഖലയിൽ താൽപര്യമുള്ള കുഞ്ഞുങ്ങളെ അതിനായി ത്യാഗപൂർവ്വം പ്രോത്സാഹിപ്പിക്കണം, ഒരുക്കണം. രാഷ്ട്രീയ സാമൂഹ്യ നേതൃത്വത്തിലും ഇത് അനിവാര്യംതന്നെ. നമ്മുടെ രാജ്യത്തിന്റെ കെട്ടുറപ്പും മൂല്യബോധവും ആത്മീയ അടിത്തറയും ധാർമ്മികതയും സംരക്ഷിക്കുവാനും വളർത്തുവാനും നമ്മുടെ മക്കൾ ഇപ്രകാരമുള്ള മേഖലകളിൽ സ്ഥാനമുറപ്പിക്കണം. മാത്സര്യബുദ്ധിയും അഭിവാഞ്ജയും ത്യാഗപൂർണ്ണമായ സമർപ്പണവും, വൈജ്ഞാനിക ദാഹവും അടിയുറച്ച ദൈവവിശ്വാസവും കൂടാതെ ഇത് കൈവരിക്കുവാനാകില്ല. നിഷേധാത്മകമായ കാഴ്ച്ചപാടുകൾ ദൂരെയെറിഞ്ഞ് പ്രത്യാശയോടെ നമ്മുടെ കുഞ്ഞുങ്ങളെ മുന്നോട്ട് നയിക്കാം.

ദൈവം അനുഗ്രഹിക്കട്ടെ!

സ്നേഹപുർവ്വം നിങ്ങളുടെ പിതാവ്,

+ Mar Theodosius

**✠ യൂഹാനോൻ മാർ തെയഡോഷ്യസ്**

മൂവാറ്റുപുഴ മെത്രാപ്പോലീത്താ.

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2020

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

## 90–ാം പുനരൈക്യവാർഷിക സഭാസംഗമം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ സഭൈക്യ സാക്ഷ്യം ഭാരതസഭയിൽ സംഭവിച്ചിട്ട് 90 വർഷം പൂർത്തിയാകുന്നു. ഈ അവസരത്തിൽ, മലങ്കര സുറിയാനി കത്തോലിക്കാസഭ പുനരൈക്യ നവതിയുടെ സമാപനവും സഭാസംഗമവും വലിയ സന്തോഷത്തോടും കൃതജ്ഞതയോടും ആത്മാഭിമാനത്തോടും കൂടി ആഘോഷിക്കുകയാണ്. പുനരൈക്യശിൽപി ദൈവദാസൻ ആർച്ച്ബിഷപ് മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ ജന്മനാടായ മാവേലിക്കരയിൽവച്ച് സെപ്റ്റംബർ 19 മുതൽ 21 വരെയുള്ള തീയതികളിൽ നടത്തപ്പെടുന്ന പുനരൈക്യ നവതി ആഘോഷങ്ങളിൽ ആത്മീയമായി പങ്കുചേരുവാൻ സഭാമക്കളേവരെയും ഞാൻ ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

പുനരൈക്യ പ്രവാചകൻ ദൈവദാസൻ മാർ ഈവാനിയോസ്

മെത്രാപ്പോലിത്തായിലൂടെ ആരംഭിച്ച പുനരൈക്യ പ്രസ്ഥാനം 90 വർഷം പൂർത്തിയാകുമ്പോൾ, വന്ദ്യപിതാവ് കൊളുത്തിയ ഐക്യ ത്തിന്റെ ദീപം ഇതുവരെയും കാത്തുസൂക്ഷിക്കുവാനും അനേകർക്ക് പ്രകാശമാകുവാനും മലങ്കര സുറിയാനി കത്തോലിക്കാ സഭയെ ദൈവം പ്രത്യേകം ഒരുക്കിയതിനെയോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. കഴിഞ്ഞ 9 ശതാബ്ദം ദൈവം നമ്മുടെ സഭാകൂട്ടായ്മയെ കൂടെയി രുന്ന് നയിച്ചതിനെയോർത്ത് അവിടുത്തെ തിരുമുമ്പിൽ നമുക്ക് നന്ദി യുള്ളവരാകാം. ഒരു സഭാസമൂഹമെന്നനിലയിൽ കഴിഞ്ഞകാലങ്ങളിൽ വന്നുപോയിട്ടുള്ള കുറവുകളെയും, പോരായ്മകളെയും ശുശ്രൂഷാ മേഖലകളിൽ വന്ന തളർച്ചകളെയും തിരിച്ചറിഞ്ഞ് നമുക്ക് ദൈവത്തോട് മാപ്പ് അപേക്ഷിക്കാം. അടുത്ത പത്തു വർഷക്കാലം പുനരൈക്യ ശതാ ബ്ദിക്കായി നാം പ്രത്യേകമായി ഒരുങ്ങേണ്ട കാലഘട്ടമാണല്ലോ! ഒരു സഭയായി ഉറച്ച വിശ്വാസത്തോടും, ബോധ്യത്തോടും, തീക്ഷ്ണത യോടും, അഭിഷേകത്തോടുംകൂടെ ഇതിനായി നമുക്ക് ഒരുങ്ങാം.

സഭാചരിത്രത്തിൽ 1930 സെപ്റ്റംബർ 20-ന് നടന്ന പുനരൈക്യ മഹാസാക്ഷ്യം പൊടുന്നനെ സംഭവിച്ച ഒരു കാര്യമല്ല. മാതൃസഭയ്ക്കു ള്ളിൽ നിലനിന്നിരുന്ന വ്യവഹാരങ്ങളുടെയും വെട്ടിപ്പിടിക്കലിന്റെയും വിദ്വേഷത്തിന്റെയും നെടുവീർപ്പുകൾ മാർ ഈവാനിയോസ് പിതാ വിനെ സത്യവിശ്വാസത്തിന്റെ സ്ഥിരീകരണത്തിലേക്കും, അനന്യമായ സമർപ്പണത്തിലേക്കും, തിരുസഭാകൂട്ടായ്മയിലേക്കും വഴിനടത്തി. സ്ഥാനമാനങ്ങളും സാമ്പത്തിക ലാഭങ്ങളുമൊക്കെ ദൈവസമ്പാദന ത്തിനായി ഉപേക്ഷിക്കുവാനുള്ള വന്ദ്യ പിതാവിന്റെ നിശ്ചയദാർഢ്യം പുനരൈക്യ വഴിയിലെ ചരിത്ര പാഠങ്ങളാണ്. "ഗോതമ്പുമണി നില ത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയു ന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും" (യോഹ.12:24). പഴ യനിയമത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ജനത്തെപ്പോലെ ദൈവത്തിൽ മാത്രം ശരണം വച്ചുകൊണ്ട് നടത്തിയ ഒരു വിശ്വാസ തീർത്ഥാടന യാത്രയുടെ പരിണിതഫലമാണ് പുനരൈക്യ മഹാസാ ക്ഷ്യം. ഇന്ന് നവതിയിലെത്തി നിൽക്കുന്ന മലങ്കര സഭയുടെ ഈ സുവിശേഷ സാക്ഷ്യം നാളിതുവരെയും പ്രതിസന്ധികളിൽ തളരാതെ പ്രോജ്ജ്വലമായി കാത്തുസൂക്ഷിച്ച പൂർവ്വസൂരികളെ, പിതാമഹൻമാരെ,

സമർപ്പിതരെ, പ്രേഷിതരെ ഇത്തരുണത്തിൽ കൃതജ്ഞതയോടെ നമുക്ക് അനുസ്മരിക്കാം. അവർ ഭരമേൽപ്പിച്ച ഈ പുനരൈക്യദീപ്തി തലമുറകളിലേക്ക് കൈമാറാൻ നമുക്ക് പരിശ്രമിക്കാം.

പുനരൈക്യം യഥാർഥത്തിൽ ഒരു സുവിശേഷ സാക്ഷ്യമായിരുന്നു. "അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ.17:21). യേശു ക്രിസ്തുവിന്റെ പൗരോഹിത്യ പ്രാർത്ഥനയുടെ സാരാംശം ഇത് തന്നെയാണ് സൂചിപ്പിക്കുക. ആയതിനാൽ, പുനരൈക്യം ഒരു തുടർ സുവിശേഷ പ്രക്രിയയാണ്. എന്നും, എക്കാലവും, എവിടെയും അത് തുടരേണ്ടിയിരിക്കുന്നു. ലോകമാസകലം ക്രൈസ്തവ സമൂഹം പലവിധത്തിൽ ഞെരുക്കപ്പെടുന്ന ഒരു കാലമാണിത്. പുരാതനമായ ദൈവാലയങ്ങൾ പിടിച്ചെടുക്കപ്പെടുന്നു, തീവ്രവാദം വിവിധ രൂപങ്ങളിൽ ഫണമുയർത്തി നിൽക്കുന്നു, വർഗീയ വിദ്വേഷങ്ങൾ കലാപങ്ങളായി മാറുന്നു. കോവിഡ് മഹാവ്യാധിയുടെ ഇന്നത്തെ പശ്ചാത്തലത്തിൽ അകലങ്ങളും അകൽച്ചകളും വർദ്ധമാനമാകുന്നു. ഈ പ്രത്യേക സാഹചര്യത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ അനുരഞ്ജനത്തിന്റെ ഒരു ചരിത്രസ്മാരകമായാൽ പോരാ, മറിച്ച് ജീവിക്കുന്ന സാക്ഷ്യമാകണം. വെല്ലുവിളികളുടെ ഈ കാലഘട്ടത്തിൽ വന്ദ്യപിതാവിന്റെ ജന്മനാടായ മാവേലിക്കരയിൽ വച്ച് നടത്തപ്പെടുന്ന പുനരൈക്യ നവതി ആഘോഷങ്ങൾ ഒരാത്മീയ സാക്ഷ്യമാകുവാൻ നമുക്ക് പ്രാർത്ഥനാപൂർവ്വം പരിശ്രമിക്കാം.

കോവിഡ്–19 എന്ന വ്യാധി ലോകം മുഴുവനും ഒരുപോലെ ബാധിച്ചിരിക്കുന്ന ഈ കാലയളവിൽ എല്ലാ മനുഷ്യരും ഭയത്തിലും, ആകുലതയിലും നിരവധിയായ പ്രയാസങ്ങളിലൂടെയുമാണ് കടന്നുപോകുന്നത്. ഈ മഹാവ്യാധിയെ ദൈവം ഇടപെട്ട് എത്രയും പെട്ടെന്ന് ഈ ലോകത്തിൽനിന്നും തുടച്ചുമാറ്റാൻ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. കോവിഡ്–19 എന്ന രോഗത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ പുനരൈക്യ നവതി ആഘോഷവും സഭാസംഗമവും ആത്മീയമായും

ഏറ്റം ലളിതമായും നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഗവൺമെന്റ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടുള്ള ലളിതമായ ഒരു കൂടിവരവും ആഘോഷവും മാത്രമേ ഈ വർഷം ഉണ്ടായിരിക്കുകയുള്ളൂ.

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ ജന്മനാടായ മാവേലിക്കര വച്ച് നടത്തുന്ന പുനരൈക്യ നവതിയ്ക്കും സഭാസംഗമത്തിനും ആതിഥേയത്വം വഹിക്കുന്നത് മാവേലിക്കര ഭദ്രാസനമാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അഞ്ചാമത്തെ ഭദ്രാസനമായി 2007-ൽ സ്ഥാപിതമായ മാവേലിക്കര ഭദ്രാസനത്തിന്റെ എല്ലാ മേഖലകളിലുമുള്ള വളർച്ചയെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ എല്ലാ ആത്മീയ സംഘടനകളുടെയും കൂട്ടായ്മ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സെപ്റ്റംബർ 18-ന് മുമ്പ് നടത്തപ്പെടുന്നതാണ്. പുനരൈക്യ നവതിയുടെ പ്രധാന ആഘോഷങ്ങൾ നിയന്ത്രണവിധേയമായി സെപ്റ്റംബർ 19 മുതൽ 21 വരെ മാവേലിക്കരയിൽവച്ച് നടത്തപ്പെടുന്നതാണ്. 19-ാം തീയതി മതസൗഹാർദ സമ്മേളനവും, 20-ാം തീയതി രാവിലെ 10 മണിക്ക് എക്യുമെനിക്കൽ സമ്മേളനവും വൈകിട്ട് 6.30-ന് സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ സുവിശേഷസന്ധ്യയും ഉണ്ടായിരിക്കുന്നതാണ്. 21-ന് രാവിലെ 8 മണിക്ക് മാവേലിക്കര പുന്നമൂട് കത്തീഡ്രൽ ദൈവാലയത്തിൽ സഭയ്ക്ക് മുഴുവനും വേണ്ടി ഞാൻ വി. കുർബാന അർപ്പിക്കുന്നതാണ്. തുടർന്ന് പൊതുസമ്മേളനവും നടത്തുന്നു. ഈ വർഷത്തെ പ്രത്യേക സാഹചര്യം മനസിലാക്കി എല്ലാവരും സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളിലൂടെ ആഘോഷ പരിപാടിയിൽ സംബന്ധിക്കാൻ പരിശ്രമിക്കുമല്ലോ! വിശദവിവരങ്ങൾ നവതി ആഘോഷങ്ങൾക്ക് ആതിഥ്യം നൽകുന്ന മാവേലിക്കര ഭദ്രാസനത്തിൽ നിന്നും ഇടവകകളെ അറിയിക്കുന്നതാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യത്തിന്റെ നവതി ആഘോഷിക്കുന്ന ഈ അവസരത്തിൽ എല്ലാവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും ഉണ്ടാകുവാൻ ഞാൻ പ്രത്യേകം ആഹ്വാനം ചെയ്യുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്താനുള്ള നാമകരണ നട

പടിയിൽ എല്ലാവരുടെയും പ്രാർത്ഥന ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു. നമ്മുടെ സഭാ പുനരൈക്യത്തിന്റെ ആത്മീയ ഭാവം നഷ്ടപ്പെടാതെ ആ ചൈതന്യം എന്നും നിലനിർത്തി, നമ്മുടെ മക്കളെ കൃപ നിറയുന്ന കുടുംബങ്ങളായി സംരക്ഷിച്ച്, സുവിശേഷകയായി, നമ്മുടെ സഭയെ എന്നും നയിക്കണമേയെന്ന് സർവ്വശക്തനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

ആയത്, ദൈവമാതാവായ പരി. കന്യകാമറിയത്തിന്റേയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
01–09–2020

N.B: ഈ കല്പന, അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, സന്യാസഭവനങ്ങളിലും, വൈദിക-സന്യസ്ത പരിശീലന ഭവനങ്ങളിലും ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതും ഭദ്രാസന പ്രസിദ്ധീകരണങ്ങളിൽ ഇടയലേഖനമായി നൽകേണ്ടതുമാണ്.

THE SYRO-MALANKARA CATHOLIC
MAJOR ARCHIEPISCOPAL CHURCH

✠ BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP–CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA.
Office: Tel: +91-471-2541642, 2541643
E-mail: catholicostvm@gmail.com
Personal Tel: +91 471 2541331
E-mail: baselioscleemis@gmail.com
Web: malankaratvm.com

Prot No. SMCC/ECI 02/349/2020 24 August 2020

His Grace
**Joseph Mar Gregorios Metropolitan**
Metropolitan-Trustee of the
Malankara Jacobite Syrian Church

**മലങ്കര യാക്കോബായ സുറിയാനി സഭയുടെ ഏറ്റം അഭിവന്ദ്യനായ മെത്രാപ്പോലീത്തൻ-ട്രസ്റ്റി നി.വ.ദി.മ.ശ്രീ. ജോസഫ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനി,**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വന്ദ്യനാമത്തിൽ അങ്ങേയ്ക്ക് സഹോദരനടുത്ത സ്നേഹചുംബനം! ശ്രേഷ്ഠ കാതോലിക്കാ ആബൂൻ ബസേലിയോസ് തോമസ് പ്രഥമൻ ബാവാതിരുമേനിയോടും അങ്ങയുടെ സഭയിലെ ശ്രേഷ്ഠരായ മെത്രാപ്പോലീത്താമാരോടും ബഹു. വൈദികരോടും സഭാമക്കളോടും മലങ്കരസുറിയാനി കത്തോലിക്കാസഭയ്ക്കുള്ള സ്നേഹവും ആദരവും വാത്സല്യവും സവിനയം അറിയിക്കട്ടെ!

മലങ്കര യാക്കോബായ സുറിയാനി സഭ ഈയടുത്ത നാളുകളിൽ അനുഭവിക്കുന്ന വേദനകളെ മനസ്സിലാക്കുന്നു. കർതൃസന്നിധിയിൽ പ്രാർത്ഥിക്കുന്നു. ഇപ്പോൾ സമൂഹം അനുഭവിക്കുന്ന പ്രതികൂല സാഹചര്യങ്ങളുടെ ഇടയിലും നിങ്ങളുടെ ആരാധനാലയങ്ങൾ സഭയ്ക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് വേദനയോടെ കാണുന്നു. മദ്ധ്യസ്ഥ ശ്രമങ്ങൾക്കും കൂടിയാലോചനകൾക്കും ഔദ്യോഗികമായും അനൗദ്യോഗികമായും കേരളത്തിലെ സഭാദ്ധ്യക്ഷന്മാർ ആത്മാർത്ഥമായി പരിശ്രമിച്ചതും അത്തരം ശ്രമങ്ങൾ സ്വീകരിക്കാതെ ഇരിക്കുന്നതും അഭിവന്ദ്യതിരുമേനിക്കും അങ്ങയുടെ സഭയ്ക്കും അറിയാവുന്നതാണല്ലോ. ഈയടുത്ത ദിവസങ്ങളിൽ അഭിവന്ദ്യ തിരുമേനിയുടെ മാതൃദൈവാലയമായ മുളന്തുരുത്തി ഉൾപ്പെടെയുള്ള ഏതാനും ദൈവാലയങ്ങൾകൂടി സഭയ്ക്ക് നഷ്ടപ്പെട്ടതിൽ

അങ്ങേയ്ക്കും അങ്ങയുടെ സഭയ്ക്കുമുള്ള വേദനയിലും നഷ്ടത്തിലും മലങ്കര സുറിയാനി കത്തോലിക്കാസഭ മറ്റു സഭകളോടൊപ്പം പങ്കുചേരുന്നു. ക്രിസ്തീയസാക്ഷ്യവും സാഹോദര്യവും പൊതു സമൂഹത്തിന്റെ മുൻപിലും നമ്മുടെ തന്നെ ക്രിസ്തീയ യുവ തലമുറയുടെ മുൻപിലും പരാജയപ്പെടുന്നതിൽ ഏറ്റം ഖേദിക്കുന്നു.

എത്രയും അഭിവന്ദ്യനായ തിരുമേനി,

ആരാധനാലയങ്ങൾ നഷ്ടമാകുന്നതിൽ അങ്ങയുടെ വേദനയിൽ പങ്കുചേരുന്നതോടൊപ്പം ആരാധനാലയങ്ങളുടെ സൗകര്യമില്ലാത്ത തിന്റെ പേരിൽ യാക്കോബായസഭാമക്കൾക്ക് ആരാധന മുടങ്ങരുത് എന്നാഗ്രഹിക്കുന്നു. നിങ്ങൾക്ക് സ്വ ന്തമായി ആരാധനാലയം ഉണ്ടാകുന്നതുവരെ അതാത് സ്ഥലങ്ങളിൽ മലങ്കരസുറിയാനി കത്തോലിക്കാസഭയുടെ ദൈവാലയങ്ങൾ നിങ്ങളുടെ ആരാധനയ്ക്കു വേണ്ടി തുറന്നുതരുന്നതിന് പൂർണ്ണ സന്തോഷമാണ് എന്ന് അഭിവന്ദ്യ തിരുമേനിയെ വിനയപൂർവ്വം അറിയിക്കട്ടെ! ദൈവാലയങ്ങളോ ചാപ്പലുകളോ ഏത് ഭദ്രാസനത്തിലാണോ ആ ഭദ്രാസനാദ്ധ്യക്ഷനെ സമീപിച്ചാൽ മതിയാവും. ഇത്സംബന്ധിച്ച്മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ എല്ലാ ഭദ്രാസനാദ്ധ്യക്ഷന്മാരെയും ഞാൻ ഈ വിവരം അറിയിച്ചിട്ടുണ്ട്.

ഒരിക്കൽകൂടി അങ്ങയോടും യാക്കോബായ സുറിയാനി സഭയോടും മലങ്കരസുറിയാനി കത്തോലിക്കാസഭയ്ക്കുള്ള സ്നേഹവും ബന്ധവും പ്രാർത്ഥനയും അറിയിക്കുന്നു. നിങ്ങളുടെ വേദനകൾ ശമിക്കുവാനും സ്ഥായിയായി പരിഹാരം ഉണ്ടാകുവാനും വേണ്ടി ഞാൻ കർത്താവിനോട് പ്രാർത്ഥിക്കുന്നു. പരിശുദ്ധ ദൈവമാതാവും സകലവിശുദ്ധരും ഈ വിഷയത്തിൽ നമുക്ക് മാദ്ധ്യസ്ഥം വഹിക്കട്ടെ!

പ്രാർത്ഥനയോടും സ്നേഹാദരവുകളോടും,

കർതൃശുശ്രൂഷയിൽ,




✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# യുവജനദിന സന്ദേശം-2020

### യുവജനങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. വിൻസന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായുടെ സന്ദേശം

### "യുവാവേ, ഞാൻ നിന്നോട് പറയുന്നു, എഴുന്നേൽക്കുക" (ലൂക്കാ 7:14)

പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, എന്റെ പ്രിയ യുവജന സുഹൃത്തുക്കളെ,

മലങ്കരയിൽ കത്തോലിക്കാ സംസർഗത്തിന് സമാരംഭംകുറിച്ച പുനരൈക്യ സംഭവത്തിന്റെ തൊണ്ണൂറ് വർഷങ്ങൾ 2020 സെപ്റ്റംബർ 20, 21 തീയതികളിൽ മലങ്കര സുറിയാനി കത്തോലിക്കാസഭ മാവേലിക്കരയിൽവച്ച് ആഘോഷിച്ചു. മാവേലിക്കര ഭദ്രാസനം ആതിഥേയത്വം വഹിച്ച ആഘോഷങ്ങൾ കോവിഡ് 19 എന്ന മഹാവ്യാധിയുടെ പശ്ചാത്തലത്തിൽ വളരെ ലളിതമായിരുന്നെങ്കിലും, നമ്മുടെ സഭയുടെ ഊർജ്ജസ്വലത സാക്ഷ്യപ്പെടുത്താനും പുനരൈക്യ പ്രവർത്തനങ്ങളോടും പ്രേഷിത പരിശ്രമങ്ങളോടുമുള്ള നമ്മുടെ സമർപ്പണ നവീകരണത്തിന് ഉതകുന്നവിധം ആഘോഷങ്ങൾ മനോഹരവും ചൈതന്യവത്തുമാക്കിത്തീർക്കാനും സാധിച്ചു. ഇതേ അരൂപിയിൽ, മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ സ്വർഗീയ മദ്ധ്യസ്ഥനായ അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാൾ ദിവസമായ ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച ഈ വർഷത്തെ യുവജന ദിനമായി നാം ആഘോഷിക്കുകയാണ്. ഇത്തരുണത്തിൽ എന്റെ എല്ലാ യുവജന സുഹൃത്തുക്കളെയും, വളരെ പ്രത്യേകമായി, നമ്മുടെ സഭയുടെ യുവജന ശുശ്രൂഷയിൽ പങ്കാളികളായിരിക്കുന്ന ബഹുമാനപ്പെട്ട വൈദികരെയും സിസ്റ്റേഴ്സിനെയും, അത്മായ നേതാക്കന്മാരെയും അഭിവാദനം ചെയ്യു

ന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

യഥാർത്ഥത്തിൽ, കോവിഡ് 19 എന്ന മഹാമാരി ബാധിക്കാത്ത നമ്മുടെ സാമൂഹിക ജീവിതത്തിലെ ഒരു മേഖലപോലുമില്ല. നമ്മുടെ അനുദിന ജീവിതം അടിസ്ഥാനപരമായി മാറ്റത്തിനുവിധേയമാവുകയും വ്യക്തിബന്ധങ്ങളെ സാരമായി ബാധിക്കുകയും ചെയ്യുന്നവിധം വൈറസിനെതിരെയുള്ള നമ്മുടെ പോരാട്ടത്തിന്റെ അനന്തരഫലങ്ങളും ഭാവിയിൽ നാം അഭിമുഖീകരിക്കാനിരിക്കുന്ന വെല്ലുവിളികളും പ്രവചനാതീതമാണ്. ഭാവിയിൽ ഒരു സമയത്ത് ഈ വൈറസിനെ ഫലപ്രദമായി പിടിച്ചുകെട്ടാൻ സാധിക്കുമെന്ന് ജനങ്ങൾ പ്രത്യാശയുള്ളവരായിരിക്കുമ്പോഴും, കഴിഞ്ഞുപോയ നൂറ്റാണ്ടുകളിൽ ആരോഗ്യരംഗത്ത് വിപ്ലവാത്മകമായ പുരോഗതിയുണ്ടായെങ്കിലും ഇപ്പോൾ ഓരോരുത്തരും നിസ്സഹായരാണ്. തീർച്ചയായും, ഇവയൊക്കെ ഈ ലോകത്തിലെ നമ്മുടെ നിലനിൽപ്പ് എത്ര ദുർബലമാണെന്നും നമ്മുടെ സാമൂഹിക ബന്ധങ്ങൾ നൽകുന്ന സുരക്ഷ എത്ര ക്ഷണികമാണെന്നും നമ്മെ ചിന്തിപ്പിക്കണം. യഥാർത്ഥത്തിൽ, കോവിഡ് 19 എന്ന മഹാവ്യാധി ഒരു പുതിയ തുടക്കത്തിന് നമ്മെ വെല്ലുവിളിക്കുന്നു.

## ക്രിസ്തുവിൽ രൂഢമൂലമാവുക

35–ാം ലോക യുവജന ദിനത്തിനും അതിനെ തുടർന്നുള്ള രണ്ടു വർഷത്തിനുമുള്ള പഠനവിഷയം പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർ പാപ്പ നമുക്ക് തന്നു കഴിഞ്ഞിരിക്കുന്നു. ലിസ്ബണിലെ ലോക യുവജന ദിനത്തിന്റെ വിഷയം: "മറിയം എഴുന്നേറ്റ് തിടുക്കത്തിൽ പുറപ്പെട്ടു" (ലൂക്കാ 1:39) എന്നതാണ്. 2020 മുതൽ 2021 വരെയുള്ള രണ്ടു വർഷത്തേയ്ക്ക് നാം രണ്ടു വേദഭാഗങ്ങളെക്കുറിച്ച് വിചിന്തനം നടത്തണമെന്ന് പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നു, അവ യഥാക്രമം, "യുവാവേ, ഞാൻ നിന്നോടു പറയുന്നു, നീ എഴുന്നേൽക്കുക" (ലൂക്ക 7:14) "എഴുന്നേൽക്കു, നീ കണ്ടതിനെക്കുറിച്ച് സാക്ഷിയാകുവാൻ ഞാൻ നിന്നെ നിയമിച്ചിരിക്കുന്നു" (അപ്പ. പ്രവ. 26:16) എന്നിവയാണ്. 'എഴുന്നേൽക്കുക,' അല്ലെങ്കിൽ 'എഴുന്നേറ്റു നിൽക്കുക' എന്ന പദപ്രയോഗം ഈ വാക്യങ്ങളിലെല്ലാം പ്രത്യക്ഷപ്പെടുന്നുണ്ട്. ക്രിസ്തു ജീവിക്കുന്നു (*Christus Vivit*) എന്ന അപ്പസ്തോലിക പ്രബോധനത്തിലും ഈ പദം സ്ഥിരമായി ഉപയോഗിക്കുന്നുണ്ട്. ഒരു പുതിയ ജീവിതത്തിന്റെ ആരംഭത്തെ അത് സൂചിപ്പിക്കുന്നു. മാർപാപ്പാ പറയുന്നു: "നിങ്ങളുടെ ജീവതേജസ്സ്, നിങ്ങളുടെ സ്വപ്നങ്ങൾ, നിങ്ങളുടെ ആവേശം, നിങ്ങളുടെ ശുഭാപ്തിവിശ്വാസം, നിങ്ങളുടെ ഔദാര്യ മനോഭാവം എന്നിവ

നഷ്ടപ്പെടുകയാണെങ്കിൽ യേശു നിങ്ങൾക്കു മുമ്പേ നിലകൊള്ളും. ഒരിക്കൽ അവൻ വിധവയുടെ മരണപ്പെട്ട മകന്റെ മുമ്പിൽ നിൽക്കുകയും, അവന്റെ ഉയിർപ്പിന്റെ സർവാധികാരത്തോടുംകൂടി കൽപ്പിച്ചതുപോലെ: "യുവാവേ, ഞാൻ നിന്നോടു പറയുന്നു, എഴുന്നേൽക്കുക" (നം. 20)

ഇക്കാലഘട്ടത്തിലെ തലമുറയുടെ സ്വഭാവ പ്രത്യേകത എന്തെന്നാൽ വിവേചനശക്തിയെക്കാൾ അനുഭവത്തെയും, പ്രാതിനിധ്യത്തെക്കാൾ പങ്കാളിത്ത ദൗത്യത്തേയും, വാക്കുകളെക്കാൾ പ്രവൃത്തികളെയും, ഒറ്റപ്പെടുന്നതിനേക്കാൾ ബന്ധപ്പെട്ടിരിക്കുന്നതിനെയും അന്വേഷിക്കുന്നു എന്നതാണ്. എന്നിരുന്നാലും, കോവിഡ് 19 മഹാവ്യാധിയ്ക്കെതിരെയുള്ള നമ്മുടെ പടവെട്ടൽ, സാമൂഹിക അകലത്തിന്റെ പുതിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യമായി ഈ ചോദനകളെ വെല്ലുവിളിക്കുന്നു. തീർച്ചയായും, ഡിജിറ്റൽ ലോകം സാമൂഹിക അകലത്തിന്റെ പ്രതിബന്ധങ്ങളെ മറികടക്കുവാനുള്ള ചില കുറുക്കുവഴികൾ നമുക്ക് നൽകുന്നുണ്ട്. എന്നാൽ, നമ്മുടെ ജീവിതം സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളെയും അതിന്റെ ബൃഹത്തായ ശൃംഖലകളേയും കൂടുതലായി ആശ്രയിക്കേണ്ടി വരുന്നതിന്റെ വിപരീതഫലങ്ങളെക്കുറിച്ചും നാം വ്യക്തമായി മനസിലാക്കുന്നു. നമ്മുടെ മുറികളുടെ ശാന്തതയിലേയ്ക്ക് പോലും അവ അതിക്രമിച്ചു കടക്കുന്നുണ്ട്. നമ്മെ ബന്ധിപ്പിക്കുന്നു എന്ന അവരുടെ ഉന്നത അവകാശവാദത്തിനപ്പുറം, വേരോട് പിഴുതെറിയപ്പെട്ടതായും യഥാർത്ഥത്തിൽ എവിടെയും നാം ഉറപ്പിക്കപ്പെടാത്തതായും നമുക്ക് തോന്നുന്നു ഈ ലോകയാഥാർത്ഥ്യങ്ങൾ വാഗ്ദാനം ചെയ്യുന്ന ആശ്വാസങ്ങളെല്ലാം, നാം ക്രിസ്തുവിലും വചനത്തിലും വേരൂറപ്പിക്കപ്പെട്ടിട്ടില്ലായെങ്കിൽ, നൈമിഷികമാണെന്ന് ഇവിടെ നാം മനസിലാക്കുന്നു, സമകാലിക അനുഭവങ്ങൾ, നമ്മിലേയ്ക്കും നമ്മുടെ മൂല്യവ്യവസ്ഥിതിയിലേയ്ക്കും നമ്മുടെ പരിഗണനകളിലേയ്ക്കും പിൻതിരിഞ്ഞു നോക്കാൻ നമ്മെ ക്ഷണിക്കുന്നു.

**അനുകമ്പ**

ലൂക്കോ 7:13-14 പരാമർശിച്ചുകൊണ്ട്, ലോക യുവജനദിന സന്ദേശത്തിലൂടെ പരിശുദ്ധ പിതാവ് നമ്മെ ക്ഷണിക്കുന്നത് ഗലീലയിലെ നായിം എന്ന പട്ടണത്തിലേയ്ക്ക് പ്രവേശിക്കുന്ന യേശുവിന്റെ ശരീരഭാഷയെയും വാക്കുകളെയുംക്കുറിച്ച് ധ്യാനിക്കാനാണ്. ഒരു ശവസംസ്ക്കാര വിലാപയാത്രയുടെ ഇടയിൽ, ഏക മകനെ നഷ്ടപ്പെട്ട വിധവ

യായ ഒരു അമ്മയുടെ വേദന തിരിച്ചറിയാൻ യേശുവിന് സാധിക്കുന്നു. യുവജനങ്ങൾക്ക് ഇന്ന് ആവശ്യമായിരിക്കുന്നത് സഹിക്കുന്ന ജനങ്ങളുടെ വേദന കാണാനുള്ള കഴിവാണ്. നമുക്ക് ആവശ്യമായിരിക്കുന്നത് നമ്മുടെ സഹോദരീ സഹോദരന്മാരുടെ ദുഃഖപൂരിതമായ കഥകളുടെ ചിത്രമെടുത്ത് സാമൂഹിക സമ്പർക്ക മാധ്യമങ്ങളിലൂടെ മറ്റുള്ളവരുമായി പങ്കുവയ്ക്കുക മാത്രമല്ല, മറിച്ച്, സഹിക്കുന്ന മനുഷ്യരോടുള്ള നമ്മുടെ യഥാർത്ഥമായ പരിഗണന പ്രകടമാക്കുകയും ദൗർഭാഗ്യങ്ങളിലകപ്പെട്ടുപോയ വ്യക്തികളുടെ വേദന മനസിലാക്കുകയും ചെയ്യുക എന്നതാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനത്തിന്റെ അംഗങ്ങളെന്ന നിലയിൽ നാം പ്രകൃതി ദുരന്തങ്ങളും, വെള്ളപ്പൊക്കവും, മണ്ണിടിച്ചിലും അഭിമുഖീകരിച്ചിട്ടുണ്ട്. ഇന്ന്, നാം അഭിമുഖീകരിക്കുന്ന പുതിയ പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, വിദ്യാഭ്യാസ-സാമ്പത്തിക മേഖലകളിലെ ആശയകുഴപ്പം, അക്രമങ്ങളുടെ വർദ്ധനവ്, സമൂഹത്തിൽ നടക്കുന്ന മതപരമായ ധ്രുവീകരണം, കുടിയേറ്റ തൊഴിലാളികളുടെ പ്രശ്നങ്ങൾ തുടങ്ങിയവയാണ്. യുവക്രൈസ്തവർ എന്ന നിലയിൽ, സ്വയം പരിരക്ഷയിൽ നിന്ന് മറ്റുള്ളവരുടെ സംരക്ഷണത്തിലേയ്ക്കും, വ്യക്തിവാദത്തിൽനിന്നും സ്വയകേന്ദ്രീകരണത്തിൽനിന്നും സഹകരണത്തിലേയ്ക്കും, പ്രകൃതിയെ ചൂഷണം ചെയ്യുന്നതിൽനിന്ന് നമ്മുടെ “പൊതു ഭവനത്തെ” സംരക്ഷിക്കുന്നതിലേയ്ക്കും നാം യാത്ര ചെയ്യണം. വരാനിരിക്കുന്ന വർഷങ്ങൾ നമ്മുടെ യുവജനങ്ങൾക്ക് നിർണായകമാണ്. സമൂഹത്തെയും മതത്തെയും സഭയെയും മനസ്സിലാക്കുന്നതിൽ വലിയ മാറ്റങ്ങൾ ഉണ്ടായേക്കാം. ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളിൽ, അതായിരിക്കും ദൈവം സഭയ്ക്ക് നൽകുന്ന “ഫലഭൂയിഷ്ഠവും നവീനവുമായ മണ്ണ്.” ഇപ്പോഴത്തെ പ്രസക്തമായ ചോദ്യം, കോവിഡാനന്തര ലോകത്ത് എം.സി.വൈ.എം.-നെ എങ്ങനെ നാം പ്രസക്തമാക്കും എന്നതാണ്.

### ധീര പ്രേഷിതർ

യേശു അപ്പസ്തോലന്മാരോട് അരുളിച്ചെയ്തു, “ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ” (മർക്കോ 16:15: മത്താ 28:19-20; ലൂക്കാ 24:47). ഈ ‘വലിയ പ്രേഷിത കല്പന’ മനസിലാക്കേണ്ടത് യേശുവിന്റെ കല്പനയോ, അന്ത്യാഭിലാഷമോ ആയിട്ടായിരിക്കണം. വിശ്വാസ പ്രമാണം, പ്രബോധനം, മതബോധനം, പ്രഘോഷണം എന്നിവയിലൂടെയാണ് ഇതുവരെ ക്രിസ്തീയ വിശ്വാസം നൽകപ്പെട്ടിരുന്നത്. എന്നാൽ, ഇത് നമ്മുടെ ജീവിതചര്യയുടെ ഭാഗമാകണം.

യേശുവിന്റെ പ്രേഷിത ദൗത്യ കല്പന "നിങ്ങൾ ഭൂമിയുടെ ഉപ്പാണ്... നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" (മത്താ 5:13–16) എന്ന വാക്യവുമായി കൂട്ടിവായിക്കണം. ഭൂമിയുടെ ഉപ്പും, ലോകത്തിന്റെ പ്രകാശവുമാകുന്ന ജീവിത ക്രമത്തിലൂടെ മാത്രമേ മിഷണറിമാർക്ക് സുവിശേഷം അർത്ഥപൂർണമായി പ്രഘോഷിക്കാൻ സാധിക്കുകയുള്ളൂ. യേശുവിന്റെ പ്രവർത്തനങ്ങളിലൊന്നായിരുന്നില്ല സുവിശേഷ പ്രഘോഷണം. മറിച്ച് അവന്റെ ശുശ്രൂഷകളെല്ലാം അവന്റെ പ്രേഷിതദൗത്യത്തിൽ കേന്ദ്രീകൃതമായിരുന്നു. സഭയുടെ ചരിത്രത്തിൽ, ആദിമ ക്രൈസ്തവർ ഭൂമിയുടെ ഉപ്പും, ലോകത്തിന്റെ പ്രകാശവുമായിരിക്കാനുള്ള 'ജീവിക്കുന്ന-ദൗത്യം' (Living-mission) അർത്ഥപൂർണമായി ജീവിക്കുകയും ദൈവവചനത്തിന് സാക്ഷികളാകുകയും ചെയ്തു. ഇതാണ് യഥാർത്ഥ പ്രഘോഷണം. അപ്പസ്തോല പ്രവർത്തനങ്ങൾ ആദിമ ക്രൈസ്തവരുടെ 'ജീവിക്കുന്ന-പ്രഘോഷണ'ത്തെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നു. അവരുടെ ജീവിതക്രമം സാക്ഷ്യമായി മാറുകയും അനേകർ ക്രിസ്തീയ കൂട്ടായ്മയിലേയ്ക്ക് ആകർഷിക്കപ്പെടുകയും ചെയ്തു. അതുപോലെ, ഭാരതത്തിൽ പ്രേഷിത ദൗത്യം, അടിസ്ഥാനപരമായി, "ക്രിസ്തീയ ജീവിതം ശരിയായി നയിക്കുക" എന്നുള്ളതാണ്. കോവിഡാനന്തര ലോകത്ത് നാം എങ്ങനെയാണ് ഭൂമിയുടെ ഉപ്പും ലോകത്തിലെ പ്രകാശവും ആയിത്തീരുന്നത്? നാം ഇപ്പോൾ ആയിരിക്കുന്നത്, നിഷേധാത്മക സാഹചര്യങ്ങളുടെയും തീവ്രമായ നിരാശ പകരുന്ന അനുഭവങ്ങളുടേയും ഇടയിലാണ്. എന്നാൽ നമ്മുടെ പ്രത്യാശ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിലാണ്. പോരാട്ടങ്ങളുടെയും ഉൽക്കണ്ഠകളുടേയും മദ്ധ്യേ ആത്മാവ് നമ്മെ നയിക്കും. നമ്മുടെ കുടുംബത്തിൽ നിന്നും സഭാകൂട്ടായ്മയിൽ നിന്നും നാം ആർജ്ജിച്ചെടുത്ത വിശ്വാസരീതികൾ ലോകത്തിലായിരിക്കാനുള്ള സമൂലമായ ക്രിസ്തുമാർഗത്തിലേയ്ക്ക് നമ്മെ ഉൾച്ചേർക്കുന്നു. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ, 'എളിമയും കരുണയും' ഊന്നിപ്പറഞ്ഞുകൊണ്ട്, ഇന്ന് നാം എങ്ങനെ വിശ്വാസം ജീവിക്കണമെന്നും സാക്ഷ്യപ്പെടുത്തണമെന്നും നമ്മെ പഠിപ്പിക്കുന്നു. അങ്ങനെ സുവിശേഷവൽക്കരിക്കപ്പെട്ട യുവജനങ്ങൾക്ക് മറ്റുള്ളവരെ സുവിശേഷവൽക്കരിച്ച് മുന്നേറാൻ സാധിക്കും (EN n.24). യുവജനങ്ങൾ വിശ്വാസത്തിന് സാക്ഷികൾ ആകുമ്പോൾ അത് കൂടുതൽ ശക്തിയുള്ളതായിത്തീരുന്നു. നമുക്ക് ആത്മധൈര്യത്തോടും പ്രത്യാശയോടും കൂടെ നമ്മുടെ വിശ്വാസം ജീവിക്കുകയും പങ്കുവയ്ക്കുകയും ചെയ്യാം. നമ്മുടെ ജീവിതശൈലിയിൽ വിശ്വാസം പ്രകടമാക്കി സുവിശേഷവൽക്കരണത്തിന്റെ വക്താക്കളായി നമുക്ക്

മാറാം.

ഈ പ്രത്യേക സാഹചര്യത്തിൽ എല്ലാ യുവജന ശുശ്രൂഷകരെയും ഞാൻ അഭിവാദനം ചെയ്യുന്നു. പരിശുദ്ധ പിതാവ് യുവജനങ്ങളെ വിശേഷിപ്പിക്കുന്നത് 'ദൈവത്തിന്റെ ഇപ്പോൾ' (now of God) എന്നാണ്, കാരണം അവിടുത്തെ നന്മയുടെ വെളിപ്പെടുത്തലായ, അവിടുത്തെ പുത്രനായ യേശു, യുവജനങ്ങളോടൊപ്പം നടക്കുകയും കൂടെയായിരിക്കുകയും ചെയ്യുന്നു. ജെറുസലേമിൽ നിന്ന് മടങ്ങി എമ്മാവൂസിലേയ്ക്ക് യാത്രപോയ യുവശിഷ്യന്മാരെ യേശുക്രിസ്തു അനുധാവനം ചെയ്യുന്നുണ്ട്. യുവജനങ്ങളെ അനുധാവനം ചെയ്യാനുള്ള ഈ ദൗത്യം യുവജന ശുശ്രൂഷകരെ ഭരമേൽപ്പിച്ചിരിക്കുകയാണ്. യുവജന ശുശ്രൂഷ അടിസ്ഥാനപരമായി അനുധാവന ശുശ്രൂഷയാണ്.

അർത്ഥവത്തായ ഉദ്യമങ്ങളിലൂടെ ലളിതവും പ്രസക്തവുമായ രീതിയിൽ യുവജനദിനം ആഘോഷിക്കുവാൻ ഞാൻ നിങ്ങളോട് നിർദ്ദേശിക്കുന്നു. കേന്ദ്രസമിതി താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്: ആഗോള ക്വിസ് പ്രോഗ്രാം, ഓൺലൈനായി ഒക്ടോബർ 3 വൈകിട്ട് 4 മണിക്ക് നടക്കുന്നതാണ്. ഒക്ടോബർ 4 ഞായറാഴ്ച അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലിമീസ് കാതോലിക്കാബാവാ പട്ടം ബിഷപ്പ്സ് ഹൗസ് ചാപ്പലിൽ രാവിലെ 8.30 ന് വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ്. ഈ വിശുദ്ധ കുർബാന നമ്മുടെ ഔദ്യോഗിക യൂട്യൂബ്, ഫെയ്സ് ബുക്ക് ചാനലുകൾ വഴി തത്സമയം സംപ്രേഷണം ചെയ്യുന്നതാണ്. വിശുദ്ധ കുർബാനയിൽ ഭക്തിപൂർവം നാം സംബന്ധിക്കുന്നതോടൊപ്പം സഭയുടെ തലവനും പിതാവുമായ ബാവാതിരുമേനിയുടെ വാക്കുകൾ നമുക്ക് ശ്രവിക്കുകയും ചെയ്യാം. വിശുദ്ധ കുർബാനയെത്തുടർന്ന് ആഗോള യുവജനസംഗമം ഓൺലൈനിൽ നടത്തപ്പെടുന്നതാണ്. അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലിമീസ് കാതോലിക്കാബാവാ സംഗമം ഉദ്ഘാടനം ചെയ്യുന്നതും ലത്തീൻ സഭയിലെ തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കുന്നതും ആയിരിക്കും. ഈ വർഷത്തെ എം.സിവൈ.എം. ദിനാഘോഷങ്ങളുടെ ഭാഗമായി ഒക്ടോബർ 28 മുതൽ നവംബർ 1 വരെ രാത്രി 9.00 മണിക്ക് റവ. ഫാ. ഡാനിയൽ പൂവണ്ണത്തിൽ നയിക്കുന്ന ഓൺലൈൻ യുവജന ധ്യാനം ഉണ്ടായിരിക്കുന്നതാണ്. എം.സി .വൈഎമ്മിന്റെ ഔദ്യോഗിക സോഷ്യൽ മീഡിയ ചാനലുകൾ വഴി

ഇത് സംപ്രേഷണം ചെയ്യുന്നതായിരിക്കും. ഈ വർഷം ഓൺലൈനായി നടക്കുന്ന ആഘോഷ പരിപാടികളിൽ പങ്കുചേരാൻ നമ്മുടെ എല്ലാ യുവജനങ്ങളെയും ഞാൻ ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു.

അന്നേദിവസത്തെ സ്തോത്രകാഴ്ച ഭദ്രാസന സാമ്പത്തിക കാര്യാലയത്തിൽ എത്തിക്കണമെന്ന് നിങ്ങളെ ഓർമപ്പെടുത്തുന്നു. തുകയുടെ പകുതി ഭദ്രാസനത്തിലെ യുവജന ശുശ്രൂഷയ്ക്കായി വിനിയോഗിക്കാവുന്നതും, ബാക്കി പകുതി സഭാതലത്തിലെ യുവജന ശുശ്രൂഷകൾക്കായി മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേയ്ക്ക് ഭദ്രാസന ഫിനാൻസ് ഓഫീസർമാർ നൽകേണ്ടതുമാണ്.

എല്ലാവർക്കും കൃപാപൂരിതമായ ഒരു ദിനം നേരുന്നു.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തിൽ അനുഗ്രഹം നേർന്നുകൊണ്ട്,



**✠ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത**
ചെയർമാൻ, സഭാതല യുവജന സിനഡൽ കമ്മീഷൻ,
മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ
മലങ്കര സുറിയാനി കത്തോലിക്കാ സഭ

22-09-2020
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

---

*N.B: ഈ സർക്കുലർ ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ഇടവകകളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*

# സഭാ വാർത്തകൾ

## ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 67-ാം ഓർമ്മപ്പെരുന്നാൾ

ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 67-ാം ഓർമ്മപ്പെരുനാൾ കോവിഡ്-19 ന്റെ മാനദണ്ഡങ്ങൾ പാലിച്ച് തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ജൂലൈ 1 മുതൽ 15 വരെ ആചരിച്ചു. എല്ലാദിവസവും വൈകിട്ട് സന്ധ്യാനമസ്കാരവും വി. കുർബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും ഉണ്ടായിരുന്നു. 1-ാം തീയതി രാവിലെ 7 മണിക്ക് റാന്നി-പെരുന്നാട്ടിൽ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ വി. കുർബാന അർപ്പിച്ചു. അഭിവന്ദ്യരായ സാമുവേൽ മാർ ഐറേനിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നീ പിതാക്കന്മാർ സഹകാർമികരായിരുന്നു. തുടർന്നുള്ള ദിവസങ്ങളിൽ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന അനുസ്മരണ ശുശ്രൂഷകൾക്ക് ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ്, വികാരി ജനറൽമാരായ മോൺ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ, മോൺ. വർക്കി ആറ്റുപുറത്ത്, മോൺ. വർഗ്ഗീസ് അങ്ങാടിയിൽ, ബഥനി നവജീവൻ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. ഫാ. മാത്യു തിരുവാലിൽ ഒ.ഐ.സി., വന്ദ്യ ഏബ്രഹാം കരിമ്പനാമണ്ണിൽ റമ്പാൻ, മലങ്കര മേജർ സെമിനാരി റെക്ടർ റവ. ഫാ. സണ്ണി മാത്യു, റവ. ഫാ. ജോൺ പടിപുരയ്ക്കൽ, റവ. ഫാ. മാത്യു മുകളുംപുറത്ത്, റവ. ഫാ. ആന്റണി കാക്കനാട്ട്, റവ. ഫാ. ജോർജ് തോമസ്, റവ. ഫാ. ജോൺ കുറ്റിയിൽ, റവ. ഫാ. ജോർജ് കൈമലയിൽ, റവ. ഫാ. ജോൺ ആലുവിളയിൽ എന്നിവർ നേതൃത്വം നൽകി. കോവിഡ്-19 മാനദണ്ഡങ്ങൾ അനുസരിച്ച് തീർത്ഥാടന പദയാത്ര ഒഴിവാക്കിയിരുന്നു.

14-ന് വൈകിട്ട് ആഘോഷമായ സന്ധ്യാനമസ്കാരവും കബറിങ്കൽ ധൂപപ്രാർത്ഥനയും നടന്നു. പതിവുപോലെ നടത്താറുള്ള മെഴുകുതിരി പ്രദക്ഷിണം സഭയെ മുഴുവൻ പ്രതിനിധീകരിച്ച് അത്യഭിവന്ദ്യ കാതോലിക്കാബാവ കത്തീഡ്രൽ ദൈവാലയത്തിനുചുറ്റും നടന്നുകൊണ്ട് നിർവഹിക്കുകയും ശ്ലൈഹിക ആശീർവാദം നൽകുകയും ചെയ്തു. സമാപനദിവസമായ 15-ന് രാവിലെ 8 മണിക്ക് നടന്ന ഓർമ്മ

പ്പെരുന്നാൾ കുർബാനയിൽ അത്യഭിവന്ദ്യ കാതോലിക്കാബാവ മുഖ്യ കാർമ്മികത്വം വഹിച്ചു. അതിനുശേഷം കബറിങ്കൽ ധൂപപ്രാർത്ഥനയും നടത്തി.

## മലങ്കര മേജർ സെമിനാരിക്ക് പുതിയ റെക്ടർ

തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയുടെ പുതിയ റെക്ടറായി റവ. ഡോ. സണ്ണി കാവുവിള 2020 മെയ് 5-ാം തീയതി നിയമിതനായി. മാർത്താണ്ഡം ഭദ്രാസനാംഗമായ അച്ചൻ മരിയഗിരി മലങ്കര കോളേജിന്റെ ചുമതല നിർവഹിക്കുകയായിരുന്നു. ബഹു. അച്ചൻ റോമിൽനിന്നും കാനൻ നിയമത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കുകയും തുടർന്ന് അമേരിക്കയിൽ പ്രേഷിത ശുശ്രൂഷ നിർവഹിക്കുകയും ചെയ്തിട്ടുണ്ട്.

## യാത്രയയപ്പ്

മൂന്ന് വർഷക്കാലം തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയുടെ റെക്ടറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച റവ. ഡോ. കുര്യാക്കോസ് തടത്തിലച്ചന് 2020 മെയ് 5-ാം തീയതി കാതോലിക്കേറ്റ് സെന്ററിൽ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവയുടെ അധ്യക്ഷതയിൽ യാത്രയയപ്പ് നൽകി.

## പുനരൈക്യനവതി സഭാജീവിതത്തിന്റെ അപ്പസ്തോലിക അടിത്തറ ബലപ്പെടുത്തും: ഫ്രാൻസിസ് മാർപാപ്പ

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ നവതി ആഘോഷങ്ങൾ വിശ്വാസികളുടെ സഭാജീവിതത്തിന്റെയും പാരമ്പര്യത്തിന്റെയും അപ്പസ്തോലിക അടിത്തറയെ ബലപ്പെടുത്തുമെന്ന് പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ 1930-ൽ നടന്ന മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ നവതി ആഘോഷങ്ങളോടനുബന്ധിച്ച് മേജർ ആർച്ചുബിഷപ്പ് മോറാൻമോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായ്ക്ക് അയച്ച സന്ദേശത്തിലാണ് മാർപാപ്പാ ഇതു പറഞ്ഞത്. യുവതലമുറക്ക് അവരുടെ സഭാജീവിതത്തിനും വിശുദ്ധ ജീവിതത്തിനും ഈ ആഘോഷങ്ങൾ പ്രചോദനമാകും. മലങ്കര കത്തോലിക്കാ സഭാസമൂഹത്തിന് കൈമാറ്റം ചെയ്യപ്പെട്ടു കിട്ടിയ ആത്മീയ പാരമ്പര്യം, യേശുക്രിസ്തു വാഗ്ദാനം ചെയ്ത രക്ഷക്ക്

ആനന്ദകരമായ സാക്ഷ്യം നൽകുന്നതിനും യേശുവിന്റെ കരുണാർദ്ര മായ സ്നേഹം ദരിദ്രർക്കും അധ:സ്ഥിതർക്കും, പ്രത്യേകിച്ച് ഈ കാലഘട്ടത്തിൽ മഹാമാരിയുടെ പിടിയിലകപ്പെട്ടവർക്കും പകർന്ന് നൽകുന്നതിന് സഹായകരമാകുമെന്ന് വിശ്വസിക്കുന്നതായി മാർപാപ്പ സന്ദേശത്തിൽ പറഞ്ഞു. അതുപോലെ ഇതര ക്രൈസ്തവ സമൂഹങ്ങ ളോടും വിവിധ മതസംസ്കാരങ്ങളോടും തുടർന്നുവരുന്ന ആശയ സംവാദത്തിലൂടെ മനുഷ്യസമൂഹത്തിന്റെ നന്മക്കായി ആഴമുള്ള സഹവർത്തിത്വവും സാഹോദര്യത്തിലൂന്നിയ സഹകരണവും നൽ കുന്ന ശാശ്വതമായ ഒരു സംസ്കാരം കെട്ടിപ്പടുക്കുവാൻ കഴിയുമെന്ന് മാർപാപ്പാ പറഞ്ഞു. മലങ്കര സുറിയാനി കത്തോലിക്കാ സമൂഹത്തെ അപ്പസ്തോലനായ വി.തോമാശ്ലീഹായുടെ സംരക്ഷണത്തിനായി സമർപ്പിച്ചുകൊണ്ടാണ് ഫ്രാൻസിസ് മാർപാപ്പാ സന്ദേശം അവസാനി പ്പിച്ചത്. വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയത്രോ പരോളിനാണ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവാക്ക് മാർപാപ്പായുടെ സന്ദേശം അയച്ചു കൊടുത്തത്.

## പുനരൈക്യ നവതി ആഘോഷവും സഭാസംഗമവും

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുനരൈക്യ വാർഷികത്തിന്റെ നവതി ആഘോഷങ്ങൾ 2020 സെപ്തംബർ 21 –ന് മാവേലിക്കര പുന്നമൂട് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു. രാവിലെ 8 മണിക്ക് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിച്ച വി. കുർബാനയിൽ ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ്, ബിഷപ്പുമാരായ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഡോ. ജോസഫ് മാർ തോമസ്, ഡോ. സാമുവൽ മാർ ഐറേനിയോസ്, ഡോ. വിൻസെന്റ് മാർ പൗലോസ്, ഡോ. തോമസ് മാർ യൗസേബിയൂസ്, ഡോ. ഗീവർഗീസ് മാർ മക്കാറി യോസ്, ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ആർച്ച്ബിഷപ് മാത്യു മൂലക്കാട്ട്, ആർച്ച്ബിഷപ് ജോസഫ് പെരുന്തോട്ടം എന്നിവരും വൈദികരും സഹകാർമികത്വം വഹിച്ചു. കൊല്ലം രൂപതാധ്യക്ഷൻ അഭിവന്ദ്യ പോൾ ആന്റണി മുല്ലശ്ശേരി വചന സന്ദേശം നൽകി.

തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് സ്വാഗതം ആശംസിച്ചു. ചങ്ങനാശ്ശേരി ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം പൊതുസമ്മേളനം ഉദ്ഘാടനം

ചെയ്തു. പരി. ഫ്രാൻസിസ് മാർപാപ്പയുടെ സന്ദേശം ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് വായിച്ചു. പൗരസ്ത്യ തിരുസംഘത്തിന്റെ അധ്യക്ഷൻ കർദിനാൾ ലെയനാർഡോ സാന്ദ്രി, സി.ബി.സി.ഐ. പ്രസിഡന്റ് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, അപ്പസ്തോലിക് നുൺഷ്യോ ആർച്ച്ബിഷപ് ജാംബാത്തിസ്ത ദികാത്ര, എന്നിവർ വീഡിയോ സന്ദേശം നൽകി.

പൊതുസമ്മേളനത്തിൽ ഫ്രാൻസിസ് മാർപാപ്പയുടെ അംഗീകാരത്തോടുകൂടി പൂനെ–കഡ്കി, പുത്തൂർ, മാർത്താണ്ഡം ഭദ്രാസനങ്ങളുടെ അജപാലന അതിർത്തികൾ പുനർനിർണയിച്ചുകൊണ്ടുള്ള ഉത്തരവ് അത്യഭിവന്ദ്യ കാതോലിക്കാ ബാവാ അറിയിച്ചു. അതനുസരിച്ച് ഇപ്പോൾ പൂനെ–കഡ്കി സെന്റ് എഫ്രേം ഭദ്രാസനത്തിന്റെ പരിധിയിൽ പെട്ട കർണാടക, തമിഴ്നാട്, ആന്ധ്രാ, തെലുങ്കാന, മഹാരാഷ്ട്ര, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഭൂപ്രദേശം പരിശുദ്ധ സുന്നഹദോസിന് പൂർണ അധികാരമുള്ള അജപാലന പ്രദേശങ്ങൾ ആയിരിക്കും. ഇതിൽനിന്നും നിലവിൽ തമിഴ്നാട് സംസ്ഥാനത്തെ കന്യാകുമാരി മാത്രമായിരുന്ന മാർത്താണ്ഡം ഭദ്രാസനത്തോട് തമിഴ്നാട്ടിലെ 20 ജില്ലകളുടെ ഭൂപ്രദേശംകൂടി കൂട്ടിച്ചേർത്തു. ദക്ഷിണ കന്നഡ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പുത്തൂർ ഭദ്രാസനത്തിൽ ബംഗളൂരു ഉൾപ്പെടെയുള്ള 7 ജില്ലകളുടെ ഭൂപ്രദേശം കൂട്ടിച്ചേർത്തു. ഈ പ്രദേശങ്ങളിൽ പുതിയ ഇടവകകൾ രൂപീകരി ക്കുവാൻ ഭദ്രാസനത്തിന് പൂർണ അധികാരം ലഭിച്ചു. സുന്നഹദോസ് തീരുമാനങ്ങൾ അടങ്ങിയ കല്പന കൂരിയാ മെത്രാൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് വായിച്ചു.

പുനരൈക്യ നവതി ആഘോഷങ്ങളുടെ കൺവീനർ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് എല്ലാവർക്കും നന്ദിയർപ്പിച്ചു. 2021 –ലെ പുനരൈക്യ വാർഷികം മാർത്താണ്ഡം ഭദ്രാസനത്തിൽ നടത്തുന്നതായി പ്രഖ്യാപിച്ചു. അഭിവന്ദ്യ പിതാക്കന്മാരുടെ ശ്ലൈഹീക ആശീർവാദത്തോടെ ആഘോഷപരിപാടികൾ സമാപിച്ചു.

## പുത്തൂർ, മാർത്താണ്ഡം ഭദ്രാസനങ്ങളുടെ അജപാലന അതിർത്തികൾ പുനർനിർണയം

സുവിശേഷപ്രഘോഷണം കൂടുതൽ തീക്ഷ്ണമായും പൂർവ്വാധികം ശക്തിയോടെയും നടത്തുവാൻ രൂപതാതിർത്തിയുടെ പരിധികൾ വിസ്തൃതമാക്കപ്പെട്ട മാർത്താണ്ഡം പുത്തൂർ ഭദ്രാസനങ്ങൾക്ക് ഹൃദയനിർഭരമായ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും!

## സഭയുടെ ഔദ്യോഗിക യൂട്യൂബ് ചാനൽ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മീഡിയ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഔദ്യോഗിക യൂട്യൂബ് ചാനൽ നിലവിൽവന്നു. 2020 സെപ്തംബർ 21-ന് മാവേലിക്കരയിൽ നടന്ന പുനരൈക്യ വാർഷികത്തിന്റെ നവതി ആഘോഷവേളയിൽ MALANKARA CATHOLIC TV എന്ന പേരിലുള്ള യൂട്യൂബ് ചാനൽ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ ഉത്ഘാടനം ചെയ്തു. ദൈവശാസ്ത്ര പഠനങ്ങൾ, വചനസന്ദേശം, അഭിമുഖങ്ങൾ, സഭയോടനുബന്ധിച്ചുള്ള വാർത്തകൾ, വിവിധ പരിപാടികൾ, മറ്റ് സമകാലീന വിഷയങ്ങൾ തുടങ്ങിയവ ഇനിമുതൽ ഈ ചാനൽ വഴി കാണുവാൻ സാധിക്കും.

# ഭദ്രാസന വാർത്തകൾ

## അത്യഭിവന്ദ്യ തോമസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 93-ാം ജന്മദിനം

യാക്കോബായ സുറിയാനി സഭയുടെ അത്യഭിവന്ദ്യ തോമസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 93-ാം ജന്മദിനത്തിൽ 2020 ജൂലൈ 22 -ന് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായും പെരിയ ബഹു. ഫാ. കുര്യാക്കോസ് നെല്ലാട്ടും ബഹു. ഫാ. മാത്യു കളരിക്കാലായിലും പുത്തൻകുരിശ് പാത്രിയാർക്കൽ സെന്ററിൽ അത്യഭിവന്ദ്യ കാതോലിക്കാ ബാവായെ സന്ദർശിച്ച് ജന്മദിനത്തിന്റെ മംഗളങ്ങൾ അറിയിച്ചു.

## ഡീൻ കുര്യാക്കോസ് എം.പി. സന്ദർശിച്ചു

2020 ജൂൺ 28-ന് ശ്രീ. ഡീൻ കുര്യാക്കോസ് എം.പി. മൂവാറ്റുപുഴ വിമലഗിരി അരമനയിൽ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായെ സന്ദർശിച്ച് വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച നടത്തി.

## ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായെ സന്ദർശിച്ചു

കൊച്ചി ഭദ്രാസനാധിപനായ അഭിവന്ദ്യ ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായെ 2020 ആഗസ്റ്റ് 22-ന് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ സന്ദർശിച്ചു. കൊച്ചി

ഭദ്രാസനത്തിന്റെ തിരുവാങ്കുളത്തുള്ള മെത്രാസന മന്ദിരത്തിലാണ് ഇരുവരും കൂടിക്കാഴ്ച്ച നടത്തിയത്. യാക്കോബായ സഭ ഇന്ന് നേരിടുന്ന പ്രതികൂല സാഹചര്യങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പിന്തുണയും പ്രാർത്ഥനയും അഭിവന്ദ്യ തെയഡോഷ്യസ് പിതാവ് അറിയിച്ചു. തുടർന്ന് സഭ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളെക്കുറിച്ച് അഭിവന്ദ്യ പിതാക്കന്മാർ ചർച്ച നടത്തി.

## മാസധ്യാനം നടത്തി

മൂവാറ്റുപുഴ വിമലഗിരി അരമനയിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികർക്കും സന്യസ്തർക്കും, മേജർ-മൈനർ സെമിനാരി വിദ്യാർത്ഥികൾക്കുമായി 2020 ജൂലൈ 17, 18 തീയതികളിൽ ധ്യാനം നടത്തി. കോതമംഗലം രൂപതയുടെ ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വലിയതാഴത്തിൽ ധ്യാനത്തിന് നേതൃത്വം നൽകി.

## മേഖലാ വൈദിക സമ്മേളനങ്ങൾ നടത്തി

മൂവാറ്റുപുഴ രൂപതയിലെ പീച്ചി, കുന്നംകുളം, കരിമ്പ മേഖലകളിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരുടെ സമ്മേളനങ്ങൾ ജൂൺ 30-ന് കട്ടിളപ്പൂവം, ചേലക്കര ഇടവകകളിലും, മൂവാറ്റുപുഴ, പിറവം മേഖലാ വൈദികരുടെ സമ്മേളനം ജൂലൈ 2-ന് യഥാക്രമം വിമലഗിരി അരമനയിലും കാക്കനാട് ഇടവകയിലും വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ തെയഡോഷ്യസ് പിതാവ് എല്ലാ സമ്മേളനങ്ങളിലും പങ്കെടുത്ത് ബഹു. അച്ചന്മാരുമായി ആശയവിനിമയം നടത്തി.

## സേഫ് എൻവയൺമെന്റ് നിയമാവലിയും (NAPSEC) കമ്മിറ്റിയും രൂപീകരിച്ചു

സഭയിലും സഭയുടെ വിവിധ ശുശ്രൂഷമേഖലകളിലും സുരക്ഷിതമായ പരിസ്ഥിതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി സേഫ് എൻവയൺമെന്റ് കമ്മിറ്റി 2020 ആഗസ്റ്റ് 10 മുതൽ നിലവിൽ വന്നു. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ Norms & Procedures of the Safe Environment Committe (NAPSEC - Eparchy of Muvattupuzha) അനുസരിച്ചായിരിക്കും.

**കമ്മിറ്റി അംഗങ്ങൾ**

ഡയറക്ടർ - പ്രൊ. മോനമ്മ കോക്കാട്

കോർഡിനേറ്റർ - വെരി. റവ. ഡോ. തോമസ് മുതലപ്ര

| | | |
|---|---|---|
| അംഗങ്ങൾ | – | റവ. മദർ ഗ്ലാഡിസ് എസ്.ഐ.സി. |
| | – | ഡോ. റെക്സ് തോമസ് |
| | – | അഡ്വ. ഘോഷ് യോഹന്നാൻ |
| | – | അഡ്വ. നിമ്മി ഷാജി |
| ഓഫീസ് സെക്രട്ടറി | – | സി. മരിയ റാണി എസ്.ഐ.സി. |

## മെത്രാഭിഷേക വാർഷികാഘോഷം

അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവിന്റെ 3–ാം മെത്രാഭിഷേക വാർഷികം 2020 സെപ്റ്റംബർ 21–ന് മൂവാറ്റുപുഴ വിമല ഗിരി അരമനയിൽ ആഘോഷിച്ചു. വന്ദ്യ മോൺ. ചെറിയാൻ ചെന്നി ക്കരയും ബ്രദർ ആന്റണി വേങ്ങനിൽക്കുന്നതിലും അഭിവന്ദ്യ പിതാ വിന് ആശംസകൾ നേർന്ന് സംസാരിച്ചു. മൈനർ സെമിനാരി വിദ്യാർത്ഥികൾ ആശംസാഗാനം ആലപിച്ചു.

## ഹാന്റ് ബുക്ക് പ്രകാശനം

മൂവാറ്റുപുഴ ഭദ്രാസനത്തിലെ ഗുരുസന്നിധി മൈനർ സെമിനാരി യിൽ വൈദികപരിശീലനം ചിട്ടയായും നിയതമായും നടത്തുന്നതിന് സഹായകമായ ഒരു ഹാന്റ് ബുക്ക് രൂപപ്പെടുത്തി. സെമിനാരിയുടെ ചരിത്രം, വൈദിക പരിശീലനം സംബന്ധിച്ചുള്ള അടിസ്ഥാന അറി വുകൾ, സിലബസ്, പഠനവിഷയങ്ങൾ, സമയക്രമീകരണം, സെമിനാരി ആന്തം എന്നിവയെല്ലാം ഹാന്റ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## മൂവാറ്റുപുഴ നഗരാസൂത്രണം – നിർദ്ദേശങ്ങൾ

അനുദിനം മാറുന്ന കാലഘട്ടത്തിൽ ദീർഘവീക്ഷണത്തോടെ ന ഗരാസൂത്രണം നടത്തുവാൻ സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങളിൽ നിന്ന് നിർദേശങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി 2020 സെപ്റ്റം ബർ 26–ന് മൂവാറ്റുപുഴ മുൻസിപ്പൽ കമ്മിറ്റി കൺവീനർ ശ്രീ. യു. ആർ. ബാബുവും മറ്റ് നേതാക്കന്മാരും അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായെ സന്ദർശിച്ച് നിർദേശങ്ങൾ സ്വീകരിച്ചു. മൂവാറ്റുപുഴ സിവിൽ ജില്ല, ബൈപ്പാസ്, ഫ്ളൈഓവർ, വൺവേ, വൃത്തിയുള്ള നടപ്പാതകൾ, നഗരമാലിന്യങ്ങളുടെ ശേഖര ണവും സംസ്ക്കരണവും തുടങ്ങി വിവിധ വിഷയങ്ങൾ അഭിവന്ദ്യ പി താവ് ശ്രദ്ധയിൽ പെടുത്തി. നഗരത്തിലുള്ള ഏറ്റം പാവപ്പെട്ടവരുടെ കാര്യത്തിലും പ്രത്യേകം കരുതൽ വേണം എന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. സജി ജോർജ്, കെ.ജി. അനിൽകുമാർ, കെ.എം. ദിലീപ്,

ആർ. രാജീവ്, മേരി ജോർജ് തോട്ടം തുടങ്ങിയവർ അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചു.

## EPARCHIAL TRIBUNAL NEWS

| Prot. No. | Petitioner/Respondent | Decision | Date |
|---|---|---|---|
| MPA/MC 139/2020 | Subin Rajan/Delishya Moses | Affirmative | 20/06/2020 |
| MPA/MC 140/2020 | Nixon Paul/Manju Swapna Jose | Affirmative | 20/06/2020 |

## കൂരിയ വാർത്തകൾ

### Appointments

| | | |
|---|---|---|
| Rev. Fr. George Maramkandom | - | Vicar, St. Peter's & St. Paul's Malankara Catholic Church, Monappilly. (Residence - Neeramukal) |
| Rev. Fr. Thomas Pullukalayil | - | Vicar, Santhome Malankara Catholic Church, Perumbavoor. |
| Rev. Fr. Varghese Thekkolickal | - | Asst. Vicar, Santhome Malankara Catholic Church, Perumbavoor. |
| Rev. Fr. Varghese Panthirayithadathil | - | Defender of Bond, Eparchial Tribunal |

### വാർഷിക ധ്യാനം

രൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം 2020 ഓക്ടോബർ 12 മുതൽ 15 വരെയുള്ള തീയതികളിൽ നടക്കും. കോവിഡ്-19 രോഗവ്യാപനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ സൂം ആപ്പിലൂടെ ഓൺലൈനായിട്ടാണ് ധ്യാനം നടക്കുക. കോട്ടയം വടവാതൂർ സെമിനാരി പ്രൊഫസർ റവ.ഡോ. ജോസഫ് കടുപ്പിൽ ധ്യാനം നയിക്കും.

THE SYRO-MALANKARA CATHOLIC CHURCH
**DIOCESE OF MUVATTUPUZHA**

✠ **Yoohanon Mar Theodosius**
Bishop of Muvattupuzha

## DECREE OF CONSTITUTION
(Prot. No. SEP-NAPSEC- EM/DC- 00l -2020)

## SAFE ENVIORNMENT POLICY AND NORMS AND PROCEDURES OF SAFE ENVIRONMENT COMMITTEE IN THE EPARCHY OF MUVATTUPUZHA

**“If we live by the Spirit, let us also walk by the Spirit. Let us have no self-conceit, no provoking of another, no envy one another” (Gal. 5:25-26).**

Being Christians our only hope is in the perfect merit of Jesus Christ, the Supreme Pastor. He became our perfection and He is the only way into Heaven. He invites everyone to be holy and a glowing exemplar of virtues. He said to his disciples, “You, therefore, be perfect, as your heavenly Father is Perfect” (Mt. 5:48).

Christians are both citizen of this world at large and of heaven. Therefore, they are called to give tangible witness of faith in Christ in their lives, especially in their relationship with their fellowmen. The holy mother Church is bound to maintain fraternity, equality, respect and dignity of every individual. With humble obedience and due respect to the Most Holy Father Pope Francis, who has instructed through *Motu Proprio ‘Vos estis lux mundi’* (You are the light of the world) dated 07 May 2019, I, the Bishop of Muvattupuzha, solemnly promulgate the norms and procedures of the Safe Environment Policy and constitute a ‘Safe Environment Committee’ for the Eparchy of Muvattupuzha, on 10th of July 2020. The norms will come in force in the Eparchy on 10th August 2020.

His Beatitude Moran Mor Baselios Cardinal Cleemis, the Major Archbishop-Catholicos of the Syro-Malankara Catholic Church

promulgated the Guidelines for Safe Environment Programme (Prot. No. NAPSEC-M/DP/0l/2020) for Church Personnel Connected with Institutions where Minors and Vulnerable Adults are given Special Care, on 29th of June 2020 the feast of the Ss. Peter and Paul, for the entire Syro-Malankara Catholic Church. As per these guidelines, the Local Hierarchs of the Syro-Malankara Catholic Church are required to publish the norms and procedures, taking into consideration the exigencies of their respective Eparchies and should effectively enforce it judiciously before 15th July 2020.

The Safe Environment Committee is constituted in accordance with the norms of the Church, guidelines of the Catholic Bishops' Conference of India (CBCI) and the Kerala Catholic Bishops' Council (KCBC) and as per the decisions of the 23rd Holy Episcopal Synod of the Syro-Malankara Catholic Church held from 2 to 5 March 2020, at the Catholicate Centre, Trivandrum.

The Safe Environment Committee shall be functioned in a stable manner having an Office at the Bishop's House. The Committee shall be headed by a Director (will be a woman) and shall be constituted by a seven members committee including the Director. All the faithful have access to this Office on all working days. Reports concerning the Church personnel may be submitted to this Office either personally or through post.

Given from the Eparchial Curia of Muvattupuzha on 10 July 2020, the 2nd year of my Episcopate.

+ Mar Theodosius

✠ Yoohanon Mar Theodosius
Bishop of Muvattupuzha

Counter signed:
Fr. Dr. Thomas Muthalapra
Chancellor

YOOHANON MAR THEODOSIUS ★ BISHOP OF MUVATTUPUZHA ★

# മൈനർ സെമിനാരി വാർത്തകൾ

## സെന്റ് തോമസ് ദിനാഘോഷം

ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ ദുഖ്റാന തിരുനാൾ ഗുരുസന്നിധി മൈനർ സെമിനാരിയിൽ വിവിധ കലാപരിപാടികളോടുകൂടി ആഘോഷിച്ചു. അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. തുടർന്ന്, മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി തയ്യാറാക്കിയ 'ഹാന്റ്ബുക്ക്' അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. മൈനർ സെമിനാരി റെക്ടർ വെരി. റവ. ഫാ. കുര്യാക്കോസ് നെല്ലാട്ട് അദ്ധ്യക്ഷത വഹിച്ചു. വെരി. റവ. മോൺ. ചെറിയാൻ ചെന്നിക്കര, വെരി. റവ. ഡോ. തോമസ് മുതലപ്ര എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. അഭിവന്ദ്യ പിതാവ് രചിച്ച സെമിനാരി ആന്തം മൈനർ സെമിനാരി വിദ്യാർത്ഥികൾ ആലപിക്കുകയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

## മേജർ സെമിനാരി ക്ലാസുകൾ

രൂപതയിൽ വൈദിക പരിശീലനം നടത്തിവന്നിരുന്ന മേജർ സെമിനാരി വിദ്യാർത്ഥികൾ 2020 ഒക്ടോബർ 1-ന് തങ്ങളുടെ തുടർപരിശീലനത്തിനായി തിരുവനന്തപുരം സെന്റ് മേരീസ് സെമിനാരിയിലേക്ക് മടങ്ങും. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ മേജർ സെമിനാരിയിൽനിന്നും കഴിഞ്ഞ ജൂലൈ മാസം മുതൽ നടത്തിവന്നിരുന്ന ഓൺലൈൻ ക്ലാസുകളിൽ വൈദികവിദ്യാർത്ഥികൾ പങ്കെടുത്തിരുന്നു.

## സ്വർഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനാഘോഷവും

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണ തിരുനാളും ഭാരത്തിന്റെ സ്വാതന്ത്ര്യദിനാഘോഷവും 2020 ആഗസ്റ്റ് 15-ന് ഗുരുസന്നിധി മൈനർ സെമിനാരിയിൽ ആഘോഷിച്ചു. അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് വി. കുർബാനയർപ്പിച്ചു. ഭാരതത്തെ പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ സമർപ്പിക്കാൻ അഭി. പിതാവ് ആഹ്വാനം ചെയ്തു. തുടർന്ന്, വി. കുർബാനയ്ക്ക് ശേഷം അഭിവന്ദ്യ പിതാവ് ദേശീയ പതാക ഉയർത്തി സ്വാതന്ത്ര്യദിന സന്ദേശം നൽകി.

### മാസധ്യാനം

മൈനർ സെമിനാരി വിദ്യാർത്ഥികൾക്കുള്ള ആഗസ്റ്റിലെ മാസധ്യാനം 16, 17 തീയതികളിൽ നടത്തപ്പെട്ടു. റവ. ഫാ. വർഗീസ് പന്തീരായിത്തടത്തിൽ ധ്യാനം നയിച്ചു.

## ബൈബിൾ അപ്പസ്തോലേറ്റ് വാർത്തകൾ

### ലോഗോസ് ക്വിസ് പരീക്ഷ രജിസ്ട്രേഷൻ

വർദ്ധിച്ചുവരുന്ന കോവിഡ്-19 രോഗബാധയുടെ പശ്ചാത്തലത്തിൽ ലോഗോസ് ക്വിസ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാനുള്ള സമയപരിധി 2021 ജനുവരി 31 വരെ നീട്ടിയിരിക്കുന്നു. ലോഗോസ് ക്വിസ് പരീക്ഷ 2021 മാർച്ച് 21 -ന് ആയിരിക്കും നടത്തപ്പെടുക.

## മതബോധന വാർത്തകൾ

### രണ്ടാം സെമസ്റ്റർ ഓൺലൈൻ പരീക്ഷ

കോവിഡ്-19 ന്റെ പശ്ചാത്തത്തിൽ മാറ്റിവച്ച 2019-2020 അധ്യയന വർഷത്തെ മതബോധന വാർഷിക പരീക്ഷ ജൂൺ 27 മുതൽ ജൂലൈ 5 വരെയുള്ള ശനി ഞായർ ദിവസങ്ങളിൽ രാവിലെ 11.30-നും വൈകിട്ട് 4-നും ഇടയിൽ ഗൂഗിൾ ഫോമിലൂടെ നടത്തി. വിവിധ കാരണങ്ങളാൽ ഗൂഗിൾ ഫോമിലൂടെ നടത്തിയ പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കാതെ പോയ കുട്ടികൾക്ക് വാട്സ്ആപ്പിലൂടെയും പരീക്ഷ നടത്തി. 1194 കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തു.

### 'സെ' പരീക്ഷ

ജൂലൈ 9-ന് 2019-2020 അധ്യയന വർഷത്തിൽ 10, 12 ക്ലാസ്സുകളിൽ തോറ്റ കുട്ടികൾക്കായി വൈകിട്ട് 4-ന് 'സെ' പരീക്ഷ നടത്തി.

### യൂട്യൂബ് ചാനൽ

2020 ജൂലൈ 16-ന് മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത വിശ്വാസ പരിശീലന കാര്യാലയത്തിന്റെ Catechism Muvattupuzha എന്ന യൂട്യൂബ് ചാനൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. യൂട്യൂബ് ചാനലിലൂടെ മതബോധന ക്ലാസുകൾ ഓൺലൈനായി നടത്തപ്പെടുന്നു. കൂടാതെ, ബൈബിൾ പഠന ക്ലാസുകൾ (മേലെ ഹായോസോ), വിശുദ്ധ

രുടെ ജീവിതത്തെ സംബന്ധിക്കുന്ന ക്ലാസുകൾ (ലൂമിന), വ്യക്തിത്വ വികസന ക്ലാസുകൾ, ആരോഗ്യപരിപാലന ക്ലാസുകൾ, കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ (താലന്ത്) എന്നിവയും ഈ ചാനലിലൂടെ സംപ്രേക്ഷണം ചെയ്യുന്നു. ഇതിനോടകം ആയിരത്തിലധികം വ്യക്തികൾ Catechism Muvattupuzha ചാനൽ സബ്സ്ക്രൈബ് ചെയ്തുകഴിഞ്ഞു.

## പുസ്തക പ്രകാശനം: 'വിശ്വാസജീവിതത്തിന് ഒരു കൈവിളക്ക്'

2020 ജൂലൈ 16-ന് ഒരു കത്തോലിക്കാ വിശ്വാസി അറിഞ്ഞിരിക്കേണ്ട പ്രാർത്ഥനകളും വിശ്വാസസത്യങ്ങളും ഉൾകൊള്ളിച്ചുകൊണ്ട് വിശ്വാസപരിശീലന കാര്യാലയം തയ്യാറാക്കിയ 'വിശ്വാസജീവിതത്തിനു ഒരു കൈവിളക്ക്' എന്ന ചെറുപുസ്തകം അഭി. തെയഡോഷ്യസ് പിതാവ് പ്രകാശനം ചെയ്തു.

## മതബോധന ക്ലാസുകൾ

ജൂലൈ 26 മുതൽ യൂട്യൂബ് ചാനലിൽ MCAT എന്ന പേരിൽ 2020-21 അധ്യയന വർഷ വിശ്വാസ പരിശീലനം ഓൺലൈൻ ക്ലാസ്സുകളിലൂടെ ആരംഭിച്ചു.

ഓൺലൈൻ ക്ലാസിനു നേതൃത്വം നൽകുന്നവർ :

ക്ലാസ്സ് 1: സി. ഷേബാ എസ്.ഐ.സി., ക്ലാസ്സ് 2: ജിൻസി ജോയ്, ക്ലാസ്സ് 3:സി. ജോസ്മി എസ്.ഐ.സി., ക്ലാസ്സ് 4: ഷൈല ആന്റണി, ക്ലാസ്സ് 5: ഷാലി ജോസഫ്, ക്ലാസ്സ് 6: രമ്യ ആൻ സക്കറിയ, ക്ലാസ്സ് 7: രേഷ്മ മേരി സക്കറിയ, ക്ലാസ്സ് 8: കെ. ഡി. അപ്പച്ചൻ, ക്ലാസ്സ് 9: സി. ജോസ്ന എസ്.ഐ.സി., ക്ലാസ്സ് 10: സി. നോയൽ എസ്.ഐ.സി., ക്ലാസ്സ് 11: ഡാനിയേൽ തോമസ്, ക്ലാസ്സ് 12: ഡോ. സജു വർഗീസ്, വാലിക്കോടത്ത്

## ബൈബിൾ ക്വിസ്

കുട്ടികളിൽ ബൈബിൾ വായനയും വചനപഠനവും വളർത്തുന്നതിനും KCBC യുടെ നേതൃത്വത്തിൽ ഡിസംബർ 27 നു നടത്തപ്പെടുന്ന ലോഗോസ് ക്വിസിന് കുട്ടികളെ ഒരുക്കുന്നതിനുമായി ബിബ്ലിയ എന്ന പേരിൽ മെഗാ ബൈബിൾ ക്വിസ് ആരംഭിച്ചു. ക്വിസിന്റെ ആദ്യ റൗണ്ട് ആയ വീക്കിലി റൗണ്ട് സെപ്റ്റംബർ 6 മുതൽ എല്ലാ ഞായറാഴ്ചയും ഗൂഗിൾ ഫോമിലൂടെ വൈകിട്ട് 4.30 മുതൽ 5 മണി വരെ നടത്തപ്പെടുന്നു.

## വിവിധ മീറ്റിംഗുകൾ

രണ്ടാം സെമസ്റ്റർ ഓൺലൈൻ പരീക്ഷയെ സംബന്ധിക്കുന്ന തീരുമാനങ്ങൾ എടുക്കുന്നതിനായി 2020 ജൂൺ 16 വൈകിട്ട് 8.30–ന് ഗൂഗിൾ മീറ്റിലൂടെ ബഹു.മേഖല വിശ്വാസപരിശീലന കാര്യാലയ ഡയറക്ടർ അച്ചന്മാരുടെ മീറ്റിംഗ് നടത്തപ്പെട്ടു.

2020 ജൂലൈ 1–ന് വൈകിട്ട് 5–ന് ഓൺലൈൻ ക്ലാസ്സ് എടുക്കുന്ന അധ്യാപകരുടെ മീറ്റിംഗ് ഗൂഗിൾ മീറ്റിലൂടെ നടത്തി. ഓൺലൈൻ ക്ലാസ്സ് എടുക്കുന്ന രീതി, അപ്‌ലോഡ് ചെയ്യേണ്ട സമയം എന്നിവയെ സംബന്ധിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ജൂലൈ 12 ഉച്ചക്ക് 2–ന് കൊമ്പഴ പള്ളിയിൽ പീച്ചി മേഖലയിലെയും കരുവാൻകാട് സ്കൂളിൽ കുന്നംകുളം മേഖലയിലെയും പ്രധാനാദ്ധ്യാപകരുടെ മീറ്റിംഗ് കൂടി. മറ്റ് മൂന്ന് മേഖലകളുടെ മീറ്റിംഗ് ഓൺലൈൻ ആയി നടത്തി. ഓൺലൈൻ ക്ലാസ്സുകളെ സംബന്ധിച്ചും കുട്ടികളുടെ 2020–21 അധ്യയന വർഷത്തെ ക്ലാസ്സുകളെ കുറിച്ചും ചർച്ച ചെയ്തു. 'വിശ്വാസ ജീവിതത്തിന് ഒരു കൈവിളക്ക്' എന്ന പുസ്തകം പരിചയപ്പെടുത്തുകയും അതിന്റെ പ്രാധാന്യത്തെപറ്റി ബോധ്യപ്പെടുത്തുകയും, യൂട്യൂബ് ചാനലിലൂടെ ലഭ്യമാകുന്ന ക്ലാസ്സുകളും, കുട്ടികളുടെ പരിപാടികളെയും കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

ഓൺലൈൻ ക്ലാസ്സ് ലഭ്യമാകുന്ന രീതി, കുട്ടികളെയും അധ്യാപകരെയും മാതാപിതാക്കളെയും വിശ്വാസപരിശീലനത്തെക്കുറിച്ചുള്ള ബോധവത്കരിക്കുക എന്നിവയെപ്പറ്റി ചർച്ച ചെയ്യുവാൻ ജൂലൈ 27–ന് ഓൺലൈൻ ക്ലാസ്സ് എടുക്കുന്ന അധ്യാപകരുടെ മീറ്റിംഗ് കൂടി. 2020–21 അധ്യയനവർഷ അർദ്ധവാർഷിക പരീക്ഷയെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി മേഖല ഡയറക്ടേഴ്സിന്റെ മീറ്റിംഗ് സെപ്റ്റംബർ 17–ന് വൈകിട്ട് ചേർന്നു.

### സണ്ടേസ്കൂൾ അർദ്ധവാർഷിക പരീക്ഷ നവംബർ 15–ന്

2020–2021 അധ്യായന വർഷത്തിൽ സണ്ടേസ്കൂളിൽ ഒന്നാം ക്ലാസ്സു മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികളുടെ അർദ്ധവാർഷിക പരീക്ഷ 2020 നവംബർ 15–ന് നടത്തപ്പെടുന്നു. പരീക്ഷയുടെ ചോദ്യങ്ങൾ മതബോധന രൂപതാകാര്യാലയത്തിൽനിന്നും നല്കപ്പെടുന്നതാണ്. ഒന്ന്, രണ്ട്, മൂന്ന് ക്ലാസ്സിലെ കുട്ടികൾക്ക് ചോദ്യപരീക്ഷ ആയിരിക്കും. നാല് മുതൽ 12 വരെയുള്ള ക്ലാസ്സുകാർക്ക് 40 മാർക്കിന് പാഠപുസ്തകത്തിൽനിന്നും 10 മാർക്കിന് 'വിശ്വാസജീവിത

ത്തിന് ഒരു കൈവിളക്ക്' എന്ന പുസ്തകത്തിലെ 1-13 വരെയുള്ള പേജുകളിൽനിന്നുമായിരിക്കും ചോദ്യങ്ങൾ ഉണ്ടായിരിക്കുക. ആകെ 50 മാർക്കിലാണ് പരീക്ഷ നടത്തപ്പെടുക.

### പരീക്ഷയുടെ പാഠക്രമം

ക്ലാസ് : 1, 2, 3: പാഠപുസ്തകം/അധ്യായം, 1-10 (50 മാർക്ക്)

ക്ലാസ് : 4,5: പാഠപുസ്തകം/അധ്യായം: 1-10 (40 മാർക്ക്)- കൈവിളക്ക് (10 മാർക്ക്)

ക്ലാസ് : 6,7: പാഠപുസ്തകം/അധ്യായം: 1-11 (40 മാർക്ക്)- കൈവിളക്ക് (10 മാർക്ക്)

ക്ലാസ് : 8-10: പാഠപുസ്തകം/അധ്യായം: 1-10 (40 മാർക്ക്)- കൈവിളക്ക് (10 മാർക്ക്)

ക്ലാസ് : 11-12: പാഠപുസ്തകം/അധ്യായം: 1-5 (40 മാർക്ക്)- കൈവിളക്ക് (10 മാർക്ക്)

# എം.സി.വൈ.എം. വാർത്തകൾ

## പി.പി.ഇ കിറ്റുകളുടെ വിതരണോദ്ഘാടനം

കേരള കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് കേരളത്തിലെ എല്ലാ രൂപതകളിലും പ്രവർത്തിക്കുന്ന ടാസ്ക് ഫോഴ്സ് വോളന്റിയർമാർക്കുള്ള പി.പി.ഇ. കിറ്റ് വിതരണം ചെയ്തു.

കോവിഡ്-19 രോഗം ബാധിച്ചു മരിച്ചവരെ സംസ്കരിക്കാൻ സന്നദ്ധരായ ടാസ്ക് ഫോഴ്സ് വോളന്റിയർമാർക്കുള്ള പി.പി.ഇ. കിറ്റ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 2020 ജൂലായ് 31 ഉച്ചകഴിഞ്ഞ് 3.30-ന് മുവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷനും കെ.സി.ബി.സി യൂത്ത് കമ്മീഷൻ വൈസ് ചെയർമാനുമായിരിക്കുന്ന അഭി. യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് മുവാറ്റുപുഴ മേഖല പ്രസിഡന്റ് ശ്രീ. ആൽബിൻ ജോയിക്ക് പി.പി.ഇ. കിറ്റ് നൽകിക്കൊണ്ട് നിർവഹിച്ചു.

മുവാറ്റുപുഴ രൂപതാ കാര്യാലയത്തിൽ വച്ച് നടന്ന ഉദ്ഘാടന പരിപാടിയിൽ കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ ചാലക്കര, പ്രസിഡന്റ് ബിജോ പി. ബാബു, ജനറൽ സെക്രട്ടറി ക്രിസ്റ്റി ചക്കാലയ്ക്കൽ, വൈസ് പ്രസിഡന്റ് ജെയ്സൺ ചക്കേടത്ത്, സെക്രട്ടറി അനൂപ് പുന്നപ്പുഴ, കോതമംഗലം രൂപത കെ.സി.വൈ.എം.

സിൻഡിക്കേറ്റ് അംഗം സിറിൽ ജോസഫ്, എം.സി.വൈ.എം. മുവാറ്റുപുഴ രൂപത ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കറുത്തേടത്ത്, അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കുടിലിൽ, മുവാറ്റുപുഴ രൂപത കെ സി വൈ എം സിൻഡിക്കേറ്റ് അംഗം ജോർജ് തോമസ്, മുവാറ്റുപുഴ മേഖല പ്രസിഡന്റ് ആൽബിൻ ജോയ് എന്നിവർ പങ്കെടുത്തു.

കേരള കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കോവിഡ്-19 സമൂഹ വ്യാപനം ഉണ്ടായാൽ സന്നദ്ധപ്രവർത്തനത്തിന് മുന്നിട്ടിറങ്ങുന്നതിന് തയ്യാറായവരെ കണ്ടെത്തി ഒരു കൂട്ടായ്മ രൂപീകരിക്കണം എന്ന നിർദ്ദേശത്തെ തുടർന്ന് എം.സി.വൈ.എം. മുവാറ്റുപുഴ രൂപതയും കെ.സി.വൈ.എം. ടാസ്ക് ഫോഴ്സ് മുവാറ്റുപുഴ എന്ന ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിക്കുകയും തുടർപ്രവർത്തനങ്ങൾ സജീവമായി നടത്തി വരികയും ചെയ്യുന്നു.

## ഫാ. ഫ്രാൻസിസ് പുതുപറമ്പിൽ മെമ്മോറിയൽ ക്വിസ്

ഫാ. ഫ്രാൻസിസ് പുതുപറമ്പിൽ മെമ്മോറിയൽ രൂപതാ തല ക്വിസ് മത്സരം വിവിധ വൈദിക ജില്ലാ കേന്ദ്രങ്ങളിൽ നിരീക്ഷകരുടെ സാന്നിധ്യത്തിൽ 2020 ആഗസ്റ്റ് 30 ഉച്ചകഴിഞ്ഞ് 3.30 മുതൽ 4 മണി വരെ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ നടത്തപ്പെട്ടു.

മേഖലാതല ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ടീമുകൾ മാറ്റുരച്ച രൂപത ക്വിസ് മത്സരത്തിൽ എം.സി.വൈ.എം. പിറവം മേഖല തിളക്കമാർന്ന വിജയം കൈവരിച്ചു. എം.സി.വൈ.എം. കരിമ്പ മേഖല രണ്ടാം സ്ഥാനവും, എം.സി.വൈ.എം. മുവാറ്റുപുഴ മേഖല മൂന്നാം സ്ഥാനവും നേടി.

ക്വിസ് മത്സരഫലം മുവാറ്റുപുഴ രൂപത വികാരി ജനറാൾ പെരിയ ബഹു. മോൺ ചെറിയാൻ ചെന്നിക്കര മുവാറ്റുപുഴ രൂപത എം.സി. വൈ.എം. ന്റെ യുട്യൂബ് ചാനൽ വഴി അറിയിച്ചു.

## കരിയർ ഗൈഡൻസ് വെബിനാർ

മുവാറ്റുപുഴ രൂപതയിലെ യുവജങ്ങളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി രൂപതയിൽ 10-ാം ക്ലാസിലും 12-ാം ക്ലാസിലും പരീക്ഷ എഴുതി തുടർവിദ്യാഭ്യാസത്തിനായി ഒരുങ്ങുന്ന യുവജനങ്ങൾക്കും അവരുടെ മാതാപിതാക്കൾക്കുമായി ഓൺലൈൻ കരിയർ ഗൈഡൻസ് വെബിനാർ 2020 ആഗസ്റ്റ് 9 ഞായാറാഴ്ച ഉച്ചകഴിഞ്ഞു 3 മണിക്ക് നടത്തി. അഭിവന്ദ്യ യൂഹാനോൻ മാർ തെയാഡോഷ്യസ് പിതാവ്

ഉദ്ഘാടനം ചെയ്ത വെബിനാറിൽ മാനവ വിഭവശേഷി വികസന വിപുലീകരണ കേന്ദ്രം ഡയറക്ടർ പ്രൊ. കെ.വി. തോമസ്കുട്ടി കൈമ ലയിൽ ക്ലാസ് നയിച്ചു. രൂപതയിലെ വിവിധ വൈദികജില്ലകളിൽ നിന്നുമുള്ള യുവജങ്ങളും അവരുടെ മാതാപിതാക്കളും വെബിനാറിൽ സജീവമായി പങ്കെടുത്തു.

### ഗുരുചരണം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുനരൈക്യ ശിൽപിയും പുണ്യശ്ലോകനുമായ ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ 67–ാം ഓർമപ്പെരുന്നാളിന് ഒരുക്കമായി ജൂലൈ 1 മുതൽ 15 വരെ മുവാറ്റുപുഴ ഭദ്രാസന എം.സി.വൈ.എം.–ന്റെ നേതൃത്വത്തിൽ ഗുരുചരണം എന്ന പേരിൽ പിതാവിന്റെ സൂക്തങ്ങളും, ധ്യാനചിന്ത കളും യൂട്യൂബ് ചാനലിലൂടെ പങ്കുവച്ചു.

മുവാറ്റുപുഴ രൂപത അധ്യക്ഷൻ അഭി. യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് റവ. ഫാ. സിറിയക് വെച്ചൂർക്കാരോട്ട്, റവ. ഫാ. മാത്യു അറയ്ക്കൽ, റവ. ഫാ. മാത്യു മുട്ടത്താൻ, റവ. ഫാ. പോൾ കാരമേൽകോയിക്കൽ, റവ. ഫാ. ജെയിംസ് ചെരിവുപറമ്പിൽ, റവ. ഫാ. വർഗീസ് തെക്കോലിക്കൽ, റവ.ഫാ. റോബിൻസ് പുത്തൻ പുരക്കൽ, റവ. ഫാ. മെൽവിൻ മാത്യു ഒ.ഐ.സി., റവ. ഫാ. തോമസ് ആറ്റുമാലിൽ, റവ. ഫാ. കുര്യാക്കോസ് കുടിലിൽ, റവ. ഫാ. മൈക്കിൾ വടക്കേവീട്ടിൽ, റവ. ഫാ. മാത്യു കളരിക്കാലായിൽ, റവ. ഫാ. സാമുവേൽ ജോർജ് ഒ.ഐ.സി., സിസ്റ്റർ സ്മിത എസ്.ഐ.സി. എന്നിവർ ഈവാനിയൻ ചിന്തകൾ പങ്കുവച്ചു.

## വിൻസെന്റ് ഡി. പോൾ വാർത്തകൾ

### ഭക്ഷ്യ കിറ്റ് വിതരണം

വിവിധ കോൺഫറൻസുകളിൽ കോവിഡ് പ്രതിരോധ പ്രവർത്തന ങ്ങളും, സഹായങ്ങളും, ഉപവി പ്രവർത്തങ്ങളും അംഗങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ഓണത്തോടനു ബന്ധിച്ച് 2020 ഓഗസ്റ്റ് 23–ന് ആലുവാ സെന്റ് ജോൺസ് കോൺ ഫറൻസ് 500 രൂപ മൂല്യമുള്ള ഭക്ഷ്യ കിറ്റുകൾ വിതരണം നടത്തി.

## കുടുംബ സന്ദർശനവും സഹായ വിതരണവും

വിവിധ കോൺഫറൻസുകൾ ഓണത്തോടനുബന്ധിച്ച് പ്രസിഡന്റ് മാരുടെ നേതൃത്വത്തിൽ വിശേഷാൽ ദത്തു കുടുംബ സന്ദർശനവും സഹായ വിതരണവും നടത്തി.

## ആട് വിതരണം

പാർളിക്കാട് കോൺഫറൻസിൽനിന്ന് പ്രോജക്ട് റീ കളക്ഷന്റെ ഭാഗമായി തിരികെ കിട്ടിയ ആടുകളെ കുന്നംകുളം മേഖലയിലെ വട്ടായി സെന്റ് പീറ്റർ ആന്റ് സെന്റ പോൾ കോൺഫറൻസിൽ വിതരണം ചെയ്തു. മേഖലയിലെ ചേലക്കര സെന്റ് മേരീസ് കോൺഫറൻസിൽ വിതരണം ചെയ്തിരുന്ന ആടിന്റെ കുട്ടിയെ തിരികെ ലഭിച്ചതിന്റെ പുനർവിതരണം 2020 സെപ്റ്റംബർ 20–ന് രൂപതാ ആത്മീയ ഉപദേഷ്ടാവും ഇടവക വികാരിയുമായ ബഹു. മൈക്കിൾ വടക്കേവീട്ടിൽ അച്ചന്റെ സാന്നിദ്ധ്യത്തിൽ കോൺഫറൻസിൽ വച്ച് നടത്തപ്പെട്ടു.

# സമൃദ്ധി വാർത്തകൾ

## ഗ്രാമ ദുരന്ത മാനേജ്മെൻറ് കമ്മിറ്റിയും സന്നദ്ധസേനയും രൂപീകരിച്ചു

കാരിത്താസ് ഇന്ത്യ സമൃദ്ധിയുമായി ചേർന്ന് വെള്ളപ്പൊക്ക ദുരന്ത മേഖലയായ കരിമ്പയിൽ നടപ്പിലാക്കി വരുന്ന നവജീവൻ പ്രോജെക്ടിന്റെ ഭാഗമായി കരിമ്പ പഞ്ചായത്തിലെ 7 വാർഡുകളിൽ ഭാവി ദുരന്തങ്ങളെ നേരിടുന്നതിന് ഗ്രാമ ദുരന്ത മാനേജ്മെന്റ് കമ്മിറ്റിയും സന്നദ്ധസേനയും രൂപീകരിച്ചു. ഗ്രാമത്തിലെ അംഗങ്ങളിൽ നിന്നുതന്നെ പ്രാപ്തരായവരെ കണ്ടെത്തിയാണ് കമ്മിറ്റികൾക്ക് രൂപം നൽകിയത്. ഓരോ വാർഡിലും 20 പേരടങ്ങുന്ന കമ്മിറ്റികൾ ഇതിനായി സജ്ജമായി കഴിഞ്ഞു. വരുംനാളുകളിലെ ദുരന്തമുഖത്ത് ഈ കമ്മിറ്റികൾ സദാസന്നദ്ധരായി പ്രവർത്തിക്കും. കമ്മിറ്റികളെ നയിക്കാൻ കൺവീനർമാരെയും തിരഞ്ഞെടുത്തു.

## കോവിഡ് – കാലവർഷ ഒരുക്ക വാഹന പ്രചരണം നടത്തി

രണ്ട് വർഷം തുടർച്ചയായി ഉണ്ടായ വെള്ളപ്പൊക്കത്തിന്റെയും ഇപ്പോഴത്തെ കോവിഡ്–19 വ്യാധിയുടെയും പശ്ചാത്തലത്തിൽ ദുരന്ത ലഘൂകരണ പരിപാടി നടക്കുന്ന കരിമ്പ പഞ്ചായത്തിലെ 7 വാർഡുകളിൽ കാലവർഷ ഒരുക്ക വാഹന പ്രചരണം നടത്തി. 2020 ആഗസ്റ്റ് 6

വ്യാഴാഴ്ച രാവിലെ 10 മണിക്ക് 12-ാം വാർഡ് - വെട്ടത്തിൽ നിന്നാരംഭിച്ച് 11-ാം വാർഡ് - കുറ്റിയോട് അവസാനിച്ച പ്രചരണ പരിപാടി മൂന്നേക്കർ പള്ളി വികാരി ബഹു. ഫാ. ജോബിൻസ് ഫ്ളാഗ് ഓഫ് ചെയ്തു.

## സമൃദ്ധി സമരിറ്റൻ ടാസ്ക് ഫോഴ്സ് രൂപീകരിച്ചു

വർദ്ധിച്ചുവരുന്ന കോവിഡ് മരണങ്ങളുടെ പശ്ചാത്തലത്തിൽ കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ ആഹ്വാനപ്രകാരം രൂപതയിൽ കോവിഡ്-19 മൂലം മരണമടയുന്ന വിശ്വാസികളെ കോവിഡ് പ്രോട്ടോകോൾ പ്രകാരം സംസ്ക്കരിക്കുന്നതിനായി ഒരു സന്നദ്ധസേന രൂപീകരിച്ചു. സന്നദ്ധസേനയുടെയും സേനാംഗങ്ങൾക്കുള്ള പരിശീലന പരിപാടിയുടെയും ഉദ്ഘാടനം 2020 ആഗസ്റ്റ് 12-ന് മുവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത വ്യർച്വൽ പ്ലാറ്റ്ഫോമിലൂടെ നിർവ്വഹിച്ചു. കോവിഡ് കാലഘട്ടത്തിൽ സഭയും സഭയുടെ സാമൂഹ്യ പ്രവർത്തനത്തിന്റെ മുഖമായ സമൃദ്ധിയും സ്വീകരിക്കേണ്ട കാഴ്ച്ചപ്പാടിനെക്കുറിച്ച് അഭിവന്ദ്യ പിതാവ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ സംസാരിച്ചു. അതോടൊപ്പം, കോവിഡ് കാലത്തെ സമൃദ്ധിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും ആശംസകൾ നേരുകയും സമരിറ്റൻ ടാസ്ക് ഫോഴ്സിൽ അംഗങ്ങളായവരെ അഭിനന്ദിക്കുകയും ചെയ്തു. എറണാകുളം ജില്ലാ ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ കെ. സവിതയും, ജില്ല നോഡൽ ഓഫീസർ പി.എൻ. ശ്രീനിവാസനും പരിശീലനത്തിന് നേതൃത്വം നൽകി. രൂപതയിലെ 12 വൈദികരും 30 എം.സി.വൈ.എം. പ്രവർത്തകരും അടങ്ങുന്ന സേനയ്ക്ക് സമൃദ്ധിയുടെ എക്സി. ഡയറക്ടർ റവ. ഫാ. തോമസ് പുല്ലുകാലായിലും അസി. ഡയറക്ടർ റവ. ഫാ. വർഗീസ് തെക്കോലിക്കലും നേതൃത്വം നൽകും. 40 സന്നദ്ധ പ്രവർത്തകർ ട്രെയിനിങ്ങിൽ പങ്കെടുത്തു. എല്ലാ ഇടവകകൾക്കും സ്ഥാപന മേധാവികൾക്കും ട്രെയിനിങ്ങിന്റെ വിവരങ്ങളും കോവിഡ്-19 ബാധിച്ചവരുടെ മൃതസംസ്കാരത്തെ സംബന്ധിക്കുന്നതുമായ വിവരങ്ങൾ ഉൾപ്പെടുത്തി കത്ത് അയച്ചു.

## സ്റ്റാഫ് മീറ്റിംഗ് സംഘടിപ്പിച്ചു

കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ മാറ്റി വച്ച 2020-21 വർഷത്തെ സമൃദ്ധി സ്റ്റാഫ് മീറ്റിംഗ് 2020 ഓഗസ്റ്റ് 28-ാം തീയതി സംഘടിപ്പിച്ചു. എല്ലാ സമൃദ്ധി കുടുംബാംഗങ്ങളും മീറ്റിംഗിൽ പങ്കെടുത്തു. രാവിലെ

11 മണിക്ക് ആരംഭിച്ച മീറ്റിംഗ് ഉച്ചക്ക് 1 മണിക്ക് അവസാനിച്ചു. ഗൂഗിൾ മീറ്റിലൂടെ നടത്തപ്പെട്ട മീറ്റിങ്ങിൽ പ്രധാനമായും കോവിഡാനന്തര പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തി. സമൃദ്ധിയുടെ ഡയറക്ടർ റവ. ഫാ. തോമസ് പുല്ലുകാലായിൽ ക്ലാസ് നയിക്കുകയും കോവിഡ് മുൻകരുതലുകളോടെയുള്ള പ്രവർത്തനം എപ്രകാരമായിരിക്കണമെന്ന് വിശദീകരിക്കുകയും ചെയ്തു. തുടർന്ന് അംഗങ്ങൾ ഓരോ റീജിയണിന്റെയും റിപ്പോർട്ട് അവതരിപ്പിക്കുകയും ഭാവി പരിപാടികൾ ചർച്ച ചെയ്യുകയും ചെയ്തു.

## ആശാകിരണം ഡി. എൽ. ഒ. മാർക്കുള്ള ട്രെയിനിങ്ങിൽ സംബന്ധിച്ചു

കാരിത്താസ് ഇന്ത്യയുടെ മേൽനോട്ടത്തിൽ നടത്തിവരുന്ന കാൻസർ രോഗികൾക്കായുള്ള ആശാകിരണം പരിപാടിക്ക് നേതൃത്വം നൽകുന്ന സോഷ്യൽ സർവീസിലെ ഡി എൽ.ഒ. മാർക്കുള്ള ട്രെയിനിംഗ് നടത്തി. സമൃദ്ധിയെ പ്രതിനിധീകരിച്ച് അസി. ഡയറക്ടർ റവ. ഫാ. വർഗീസ് തെക്കോലിക്കലും ആശാകിരണം ഡി.എൽ. ഒ. ജോസ്മി ജോണിയും പങ്കെടുത്തു. കോവിഡ് പശ്ചാത്തലത്തിലെ ആശാകിരണത്തിന്റെ പ്രവർത്തനങ്ങൾ ട്രെയിനിംഗ് വിലയിരുത്തുകയും ഭാവി പരിപാടികൾ വിഭാവനം ചെയ്യുകയും ചെയ്തു.

## ജില്ലാ കളക്ടർക്ക് നിവേദനം സമർപ്പിച്ചു.

കരിമ്പ പഞ്ചായത്തിലെ രണ്ടാം വാർഡിലെ മൂന്നേക്കറിൽ നിന്നും വട്ടപ്പാറ ഭാഗത്തുള്ള മീൻവെല്ലം വൈദ്യുത പ്രോജെക്റ്റിലേക്കു പോകാനുള്ള കലുങ്ക് കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ പൂർണമായി തകർന്നതിനാൽ ഈ ഭാഗത്തേക്കുള്ള ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. ഈ ഭാഗത്തുള്ള പത്തിലധികം കുടുംബങ്ങൾ പൂർണമായും ഒറ്റപ്പെട്ട നിലയിലായാതിനാൽ ഈ പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ കണ്ടറിഞ്ഞു പ്രശ്നപരിഹാരത്തിന്റെ ആദ്യപടിയായി പ്രദേശവാസികൾക്കായി നിവേദനം അവരുടെ പങ്കാളിത്തത്തോടെ കാരിത്താസ് ഇന്ത്യയുടെയും സമൃദ്ധിയുടെയും ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലാ കലക്ടർക്കും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനും സമർപ്പിച്ചു.

## ഓണക്കിറ്റ് വിതരണം ചെയ്തു

എല്ലാവർഷവും സമൃദ്ധി നടത്തി വരുന്ന ഓണക്കിറ്റ് വിതരണം ഈ വർഷവും ഓണത്തോടനുബന്ധിച്ചു സംഘടിപ്പിച്ചു. കൊറോണ

യുടെ പശ്ചാത്തലത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കിറ്റുകളുടെ എണ്ണം കുറച്ചുവെങ്കിലും അവശ്യസാധനങ്ങളെല്ലാം ഉൾപ്പെടുത്തി യാണ് കിറ്റുകൾ തയ്യാറാക്കിയത്. 2020 ആഗസ്റ്റ് 20-ന് കരിമ്പ റീജിയൻ, തൃശ്ശൂർ റീജിയനിലെ കയറാടി സോൺ എന്നിവിടങ്ങളിലായി 55 കുടുംബങ്ങൾക്കാണ് കിറ്റുകൾ വിതരണം ചെയ്തത്.

## സാമ്പത്തിക സാക്ഷരതാ ക്ലാസ്സിൽ സംബന്ധിച്ചു

കേരള സോഷ്യൽ സർവീസ് ഫോറം കേരളത്തിലെ എല്ലാ രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളിലെ ഡയറക്ടർമാർക്കും സ്റ്റാഫ് അംഗങ്ങൾക്കുമായി സാമ്പത്തിക സാക്ഷരത എന്ന വിഷയത്തിൽ ഒരു അർദ്ധദിന സർട്ടിഫിക്കറ്റ് കോഴ്സ് 2020 ജൂലൈ 17 -ന് സംഘടിപ്പിച്ചു. രൂപതാ സൊസൈറ്റികളിൽ നിന്ന് തിരഞ്ഞെടുത്ത 5 പേരാണ് ട്രെയിനിങ്ങിൽ പങ്കെടുത്തത്. സമൃദ്ധിയെ പ്രതിനിധീകരിച്ച് അസി. ഡയറക്ടർ റവ. ഫാ. വർഗീസ് തെക്കോലിക്കലും മറ്റു നാല് സ്റ്റാഫ് അംഗങ്ങളും ട്രെയിനിങ്ങിൽ സംബന്ധിച്ചു.

## കാരിത്താസ്- സമൃദ്ധി ദുരന്ത ലഘൂകരണ പദ്ധതി- ഡിസാസ്റ്റർ ക്ലിനിക് ഉദ്ഘാടനം നടത്തി

നവജീവൻ പ്രോഗ്രാമിന്റെ ഭാഗമായി കരിമ്പ പഞ്ചായത്തിലെ 7 വാർഡുകളിലായി നടപ്പിലാക്കിവരുന്ന ദുരന്ത ലഘൂകരണ പരിപാടിയിലെ ഡിസാസ്റ്റർ ക്ലിനിക്ക് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ മറ്റി വച്ച ഉദ്ഘാടനം വളരെ ലളിതമായാണ് സംഘടിപ്പിച്ചത്. 2020 ആഗസ്റ്റ് 30-ന് വൈകിട്ട് 4 മണിക്ക് സമൃദ്ധി അസി. ഡയറക്ടർ റവ. ഫാ. വർഗീസ് തെക്കോലി ക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടി മൂന്നേക്കർ പള്ളി വികാരി റവ. ഫാ. ജോബിൻസ് ഉദ്ഘാടനം ചെയ്തു. സമൃദ്ധി അസി. ഡയറക്ടർ റവ. ഫാ. വർഗീസ് തെക്കോലിക്കൽ മുഖ്യപ്രഭാഷണം നടത്തി. വിവിധ വാർഡ് മെമ്പർമാരും സമൃദ്ധി സ്റ്റാഫ് അംഗങ്ങളും സംബന്ധിച്ചു.

## കോവിഡ് 19 ബാനർ ക്യാമ്പയിൻ ആരംഭിച്ചു

കോവിഡ്-19 അതിതീവ്ര വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കേരള സോഷ്യൽ സർവിസ് ഫോറത്തിന്റെ ആഹ്വാനപ്രകാരം കോവിഡ്-19 ബാനർ ക്യാമ്പയിൻ സംഘടിപ്പിച്ചു. കരിമ്പ മൂന്നേക്കർ പള്ളിയിൽ വച്ച് 2020 ആഗസ്റ്റ് 30-ന് നടന്ന ചടങ്ങിൽ കരിമ്പ പഞ്ചായത്ത് മുൻ മെമ്പർ ശ്രീ. സാബു കോവിഡ്-19 ബാനർ അനാച്ഛാ

ദനം ചെയ്ത് ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു. രൂപതയുടെ വിവിധ പ്രദേശങ്ങളിൽ ക്യാമ്പയിൻ നടന്നുകൊണ്ടിരിക്കുന്നു. ഈ പ്രദേശങ്ങളിലെല്ലാം തന്നെ കോവിഡ്-19 സംബന്ധിക്കുന്ന വിവരണങ്ങൾ അടങ്ങിയ ലഘുലേഖകളും, പോസ്റ്ററുകളും വിതരണം ചെയ്തുവരുന്നു. സാമൂഹ്യ അകലം, മാസ്ക്, സാനിട്ടൈസർ- എസ്.എം.എസ്. എന്ന കോവിഡ് സംരക്ഷണ വാചകവും പ്രചരിപ്പിക്കുന്നു.

## ഡയറക്ടേഴ്സിനുള്ള പരിശീലന പരിപാടിയിൽ സംബന്ധിച്ചു

കാരിത്താസ് ഇന്ത്യ പുതിയതായി നിയമിതരായ രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടേഴ്സിനായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ സമൃദ്ധിയുടെ ഡയറക്ടർ റവ. ഫാ. തോമസ് പുല്ലുകാലായിൽ സംബന്ധിച്ചു. 2020 ജൂലൈ 14 മുതൽ 16 വരെ നടന്ന പരിശീലന പരിപാടിയിൽ പുതിയതായി നിയമിതരായ എല്ലാ ഡയറക്ടർമാരും പങ്കെടുത്തു.

## കോവിഡ്-19 അവബോധ ക്ലാസ്സ് സംഘടിപ്പിച്ചു

സമൃദ്ധി സുരക്ഷ പ്രോഗ്രാമിന്റെ ഭാഗമായി സുരക്ഷ പ്രോജക്ടിൽ ഉൾപെട്ട അംഗങ്ങൾക്ക് 2020 ആഗസ്റ്റ് 27 വ്യാഴാഴ്ച കോവിഡ് പകർച്ചവ്യാധിയെക്കുറിച്ചും എച്.ഐ.വി. പോലുള്ള ലൈംഗിക രോഗങ്ങളെക്കുറിച്ചും ഒരു അർദ്ധദിന ക്ലാസ്സ് വ്യർചൽ പ്ലാറ്റ്ഫോമിലൂടെ സംഘടിപ്പിച്ചു. കോട്ടയം മെഡിക്കൽ കോളേജിലെ ഡോക്ടർമാരായ ഡോ. സു ആൻ, ഡോ. ബാലു, സുരക്ഷ കോട്ടയം ജില്ലയുടെ പ്രോജക്റ്റ് ഓഫീസർ ശ്രീ. അനന്തശിവൻ എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നല്കി.

## ടെലി കൗൺസിലിംഗ് നടത്തി

സമൃദ്ധി സുരക്ഷാ പദ്ധതിയുടെ നേതൃത്വത്തിൽ കോവിഡ് 19 മഹാമാരിയെക്കുറിച്ചും കോവിഡ് കാലഘട്ടത്തിൽ വ്യക്തികൾ നേരിടുന്ന മാനസികസംഘർഷങ്ങളെ അതിജീവിക്കേണ്ട മാർഗങ്ങളെക്കുറിച്ചും പൊതുജനങ്ങൾക്കും സുരക്ഷ പ്രോജക്റ്റ് അംഗങ്ങൾക്കും കൗൺസിലിംഗ് നല്കി. ഇതുവരെ 220 പേർക്കാണ് കൗൺസിലിംഗ് സഹായം ലഭ്യമാക്കിയത്.

## കേരള സോഷ്യൽ സർവിസ് ഫോറത്തിന്റെ വാർഷിക ജനറൽ ബോഡി മീറ്റിംഗ്

കേരള സോഷ്യൽ സർവീസ് ഫോറം എല്ലാ വർഷവും നടത്താറുള്ള വാർഷിക ജനറൽ ബോഡി മീറ്റിംഗ് 2020 സെപ്റ്റംബർ 22 ചൊവ്വാഴ്ച ഫോറം ആസ്ഥാനമായ കോട്ടയം അടിച്ചിറ ആമോസ് സെന്ററിൽ വച്ച് നടന്ന ജനറൽ ബോഡി മീറ്റിങ്ങിൽ സമൃദ്ധിയുടെ എക്സി. ഡയറക്ടർ റവ. ഫാ. തോമസ് പുല്ലുകാലയിൽ സംബന്ധിച്ചു. ഫോറത്തിന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ചു. വരുംകാല പദ്ധതികളെക്കുറിച്ചും കോവിഡ് പശ്ചാത്തലത്തിൽ അവയുടെ നടത്തിപ്പിനെക്കുറിച്ചും യോഗം ചർച്ച ചെയ്തു.

## വിവിധ വെബിനാറുകൾ

കാരിത്താസ് ഇന്ത്യയും കേരള സോഷ്യൽ സർവീസ് ഫോറവും സംഘടിപ്പിച്ച വിവിധ വെബിനാറുകളിൽ സമൃദ്ധിയുടെ എക്സി. ഡയറക്ടർ ഫാ. തോമസ് പുല്ലുകാലായിൽ പങ്കെടുത്തു. കേരള സോഷ്യൽ സർവീസ് ഫോറം നേതൃത്വം നൽകി 2020 ജൂലൈ 23-ന് 'കേരള കർഷകരും വന്യമൃഗശല്യവും' എന്ന വെബിനാറും, ജൂലൈ 30-ന് 'കോവിഡ്-19 മഹാമാരി അതിജീവനതന്ത്രങ്ങൾ' എന്ന വെബിനാറും, ജൂലൈ 31-ന് 'രോഗപ്രതിരോധശേഷിയും, ആരോഗ്യവും, ആരോഗ്യദായക ഭക്ഷണം ഉറപ്പാക്കലും' എന്ന വെബിനാറും നടന്നിരുന്നു.

## നിയമനങ്ങൾ നടത്തി

സമൃദ്ധി-കാരിത്താസ് ഇന്ത്യ ആശാകിരണം പ്രോജെക്ടിന്റെ പുതിയ ഇൻ ചാർജ്ജായി (ഡി. എൽ. ഒ.- രൂപത ലൈസൻ ഓഫീസർ) ശ്രീമതി ജോസ്മി ജോണിയേയും, നവജീവൻ ദുരന്ത ലഘൂകരണ പദ്ധതിയിലെ കരിമ്പ പഞ്ചായത്തിൻറെ മേൽനോട്ടത്തിനായി (സ്പെഷ്യൽ ഫസിലിറ്റേറ്റിംഗ് ഓഫീസർ) ശ്രീ. സജീവ് ജോർജ്ജിനേയും(കരിമ്പ ഇടവക) നിയമിച്ചു.

## വാർഡ് മെമ്പർമാർക്ക് പരിശീലനം നൽകി

കാരിത്താസ് ഇന്ത്യയുടേയും എറണാകുളം ജില്ല ദുരന്ത നിവാരണ കമ്മിറ്റിയുടേയും സംയുക്താഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ രാമമംഗലം പഞ്ചായത്തിലെ മുഴുവൻ വാർഡ്

മെമ്പർമാർക്കും വെള്ളപ്പൊക്ക മുന്നൊരുക്കം, ദുരന്ത മാനേജ്മെൻറ് എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചു. 2020 ജൂലൈ 7 ശനിയാഴ്ച നടന്ന പരിശീലന പരിപാടിക്ക് സമൃദ്ധിയുടെ എക്സി. ഡയറക്ടർ റവ. ഫാ. തോമസ് പുല്ലുകാലായിൽ നേതൃത്വം നൽകി.

## ജന്മദിനം

| | | |
|---|---|---|
| റവ. ഫാ. വർഗീസ് കാടമല | - | ഒക്ടോബർ 3 |
| റവ. ഫാ. റോബിൻസ് പുത്തൻപുരയ്ക്കൽ | - | ഒക്ടോബർ 11 |
| റവ. ഫാ. പോൾ കാരമേൽ കോയിക്കൽ | - | ഒക്ടോബർ 13 |
| റവ. ഫാ. കുര്യാക്കോസ് കുടിലിൽ | - | ഒക്ടോബർ 21 |
| റവ. ഫാ. മൈക്കിൾ വടക്കേവീട്ടിൽ | - | നവംബർ 2 |
| റവ. ഫാ. ജോർജ് മാങ്കുളം | - | നവംബർ 8 |
| റവ. ഫാ. ഐസക്ക് കോച്ചേരി | - | നവംബർ 14 |
| റവ. ഫാ. തോമസ് ആറ്റുമാലിൽ | - | നവംബർ 25 |
| റവ. ഫാ. തോമസ് പുല്ലുകാലായിൽ | - | നവംബർ 29 |
| റവ. ഫാ. ജോണി ചെരിക്കായത്ത് | - | ഡിസംബർ 25 |

## നാമഹേതുകതിരുനാൾ

| | | |
|---|---|---|
| റവ. ഫാ. അബ്രാഹാം പുളിക്കൽ | - | ഒക്ടോബർ 9 |
| വെരി. റവ. മോൺ ചെറിയാൻ ചെന്നിക്കര | - | നവംബർ 5 |
| റവ. ഫാ. മാത്യു കുരിശുവിള | - | നവംബർ 16 |
| റവ. ഫാ. മാത്യു മുട്ടുത്താൻ | - | നവംബർ 16 |
| റവ. ഫാ. മാത്യു അറയ്ക്കൽ | - | നവംബർ 16 |
| റൈറ്റ് റവ. ജോൺ വർഗീസ് ഈശ്വരൻകുടിയിൽ കോറെപ്പിസ്കോപ്പാ | - | ഡിസംബർ 27 |
| റവ. ഫാ. ജോൺ മാങ്കുളം | - | ഡിസംബർ 27 |
| റവ. ഫാ. ജോണി ചെരിക്കായത്ത് | - | ഡിസംബർ 27 |
| റവ. ഫാ. ജോൺ വർഗീസ് ഇടയാളിക്കുടിയിൽ | - | ഡിസംബർ 27 |
| റവ. ഫാ. ജോൺ മക്കാപിള്ളിൽ | - | ഡിസംബർ 27 |
| റവ. ഫാ. ജോൺ കുരിയാക്കോസ് അണ്ടിക്കുളത്തിൽ | - | ഡിസംബർ 27 |





2020 ജൂൺ 30 – ന് കട്ടിളപ്പൂവ്വം, ചേലക്കര ഇടവകകളിൽ നടന്ന വൈദിക സമ്മേളനം



2020 ജൂൺ 28 – ന് ശ്രീ. ഡീൻ കുര്യാക്കോസ് എം. പി. അഭിവന്ദ്യ തെയഡോഷ്യസ് മെത്രാപ്പോലീത്തായെ സന്ദർശിക്കുന്നു



കെ. സി. വൈ. എം. – ന്റെ ആഭിമുഖ്യത്തിൽ കോവിഡ് സന്നദ്ധ പ്രവർത്തകർക്കുള്ള പി. പി. ഇ. കിറ്റുകളുടെ വിതരണോദ്ഘാടനം അഭിവന്ദ്യ തെയഡോഷ്യസ് മെത്രാപ്പോലീത്ത നിർവ്വഹിക്കുന്നു.



രൂപതയിലെ സീനിയർ വൈദികൻ
ബഹു. കുരുവിള പാറേക്കടവിലച്ചനെ
അഭിവന്ദ്യപിതാവ് ആദരിക്കുന്നു.



പെരിയ ബഹുമാനപ്പെട്ട
മത്തായി എരമംഗലത്ത് കോറെപ്പിസ്കോപ്പായെ
അഭിവന്ദ്യ പിതാവ് സന്ദർശിക്കുന്നു.




*If undelivered, please return to:*
Editor, Vimalanadam, Vimalagiri Catholic Bishop's House, Vazhappilly, Mudavoor P.O., Muvattupuzha-686 669.